# ക്രൈസ്തവ
# വനിത

November - December 2021



A fundamental Christian bi-monthly publication of the women, by the women, for the family

2021
November-December

Volume XIV
Issue 6

# ക്രൈസ്തവ വനിത

## താളുകൾ മറിക്കുമ്പോൾ


| | | | |
|---|---|---|---|
| നിങ്ങളുടെ പൗരത്വം എവിടെയാണ്? | – | മേരി അഞ്ചൻ | 1 |
| കൊടുങ്കാറ്റിലൂടെ അത്ഭുതം പ്രവർത്തിക്കുന്ന ദൈവം | – | എൽസി ബേബി | 3 |
| കാണാതെ പോയ കഴുതകൾ | – | ജെസി ബെൻസൻ | 5 |
| മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല | – | മോളിക്കുട്ടി ചാക്കോ | 7 |
| ജാഗ്രതയോടെ സാഹചര്യത്തെ അതിജീവിച്ചവൾ | – | എൽസി തോമസ് | 10 |
| അന്വേഷിപ്പിൻ കണ്ടെത്തും | – | മഹേശ്വരി പുരന്ദരൻ | 13 |
| ഹാഗാരേ നീ എവിടെ നിന്നു വരുന്നു? | – | ജോർജ് ജോൺ | 16 |
| കുടുംബ ജീവിത വെല്ലുവിളികൾ | – | ഡോ. ഉമ്മൻ ഫിലിപ്പ് | 19 |
| പഴയതും പുതിയതും | – | ഡോ. കുഞ്ഞുമോൻ ചാക്കോ | 23 |
| ഈ ലോകത്തിന് അനുരൂപരാകാതെ | – | പാസ്റ്റർ എ. ജെ. ജോൺ | 26 |
| Quest -80 | | | 28 |


ക്രൈസ്തവ വനിതയിൽ പ്രസിദ്ധപ്പെടുത്തുന്ന ലേഖനങ്ങളിലെ ആശയങ്ങളുടെ ഉത്തരവാദിത്തം ലേഖനകർത്താക്കൾക്കാണ്. - *എഡിറ്റർ*

ലേഖനങ്ങൾ, കത്തുകൾ എന്നിവ
**ക്രൈസ്തവ വനിത, ഗുഡ് ന്യൂസ്, ആക്കുളം റോഡ്, തിരുവനന്തപുരം 695011**
എന്ന വിലാസത്തിൽ സദയം അയയ്ക്കുക

**CHRISTIAN WOMAN**
*For private circulation only*

**Editorial Board**
Founder Editor
**Annamma Charles John**
Chief Editor
**Mrs. Mary Anchan**
Associate Editor
**Mrs. Sherine Kingston**
Sub Editor
**Mrs. Sobha Selin**

Telephone: 0471-2448079
**E-mail: shanthisadan@gmail.com**
Mob: 9087144349




# നിങ്ങളുടെ പൗരത്വം എവിടെയാണ്?



**ക**ഴിഞ്ഞ വർഷം ആഗസ്റ്റ് മാസത്തിൽ ഇൻഡ്യ, ബൊളിവിയ, സുഡാൻ, ലെബനോൻ, ഘാനാ എന്നീ രാജ്യങ്ങളിൽ നിന്നും അഞ്ചു പേർ അമേരിക്കയിലെ ഉന്നത വിദ്യാഭ്യാസാനന്തരം അമേരിക്കൻ പൗരത്വം സ്വീകരിച്ച സന്ദർഭത്തിൽ അന്നത്തെ പ്രസിഡന്റായിരുന്ന ഡൊനാൾഡ് ട്രംപ് അവരെ ആദരിച്ച്, സ്വീകരിച്ചു നടത്തിയ പ്രഭാഷണത്തിൽ ഇപ്രകാരം പ്രസ്താവിക്കയുണ്ടായി "ലോകത്തിലേക്കും ശ്രേഷ്ഠവും അമൂല്യവുമായ അമേരിക്കൻ പൗരത്വമാണ് നിങ്ങൾ ഇന്നു കരസ്ഥമാക്കിയിരിക്കുന്നത്. ഇതിലുപരിയായ ബഹുമതിയും പദവിയും മറ്റൊന്നില്ല. ഇന്നു നിങ്ങൾ ലോകത്തിലെ ഏറ്റവും ശ്രേഷ്ഠമായ രാഷ്ട്രത്തിന്റെ പൗരന്മാരായിരിക്കുന്നു. ഒരു അമേരിക്കൻ പൗരന് അസാദ്ധ്യമായതൊന്നും ഈ ലോകത്തിലില്ലാത്തതിനാൽ ഏറ്റവും ഉന്നത പദവിയിലേക്ക് എത്തുവാൻ നിങ്ങൾക്കു സാധിക്കും"

ഒരിക്കൽ ക്രിസ്തീയ രാജ്യമായിരുന്ന അമേരിക്കയിൽ ഇന്ന് വിശുദ്ധ വേദപുസ്തകത്തിനും പ്രാർത്ഥനയ്ക്കും സ്ഥാനം തുലോം പരിമിതമാണ്. പൊതുപരിപാടികൾക്ക് ഇവ രണ്ടും നിരോധിച്ചിരിക്കുന്നു. സോദോം പട്ടണത്തിലെന്നപോലെ അസാന്മാർഗ്ഗികത്വവും, നിരീശ്വരത്വവും മൂലം അധഃപതിച്ചു കൊണ്ടിരിക്കുന്ന ഈ രാജ്യത്ത് ഇന്ന് തിരുവചനത്തിനും പ്രാർത്ഥനയ്ക്കും മുഖ്യസ്ഥാനം നല്കുന്ന വിശ്വാസികൾ ഉണ്ടെന്നുള്ളത് മറക്കാവതല്ല. ലോകമെമ്പാടുമുള്ള ക്രിസ്തീയ മിഷനറി പ്രവർത്തനങ്ങൾക്ക് ത്യാഗപൂർവ്വം ചുമൽ കൊടുക്കുന്ന വിശ്വാസികൾ അമേരിക്കയിലെപ്പോലെ മറ്റൊരു രാജ്യത്തും ഇല്ലെന്നു തന്നെ പറയാം. സോദോമിന്റെ ഉന്മൂലനാശത്തിൽ അബ്രാഹാമിനെ ഓർത്ത് ലോത്തിനെ രക്ഷിച്ച ദൈവം അമേരിക്കയിലെ ദൈവമക്കളെ ഓർത്ത് ആ രാജ്യത്തെ ഇന്നും നിലനിർത്തിയിരിക്കുന്നു. സാമ്പത്തികവും, ശാസ്ത്രപരവുമായി ലോകത്തിലേക്കും മുൻപന്തിയിൽ സ്ഥിതി ചെയ്യുന്ന അമേരിക്കയിലെ പൗരത്വം ശ്ലാഘനീയം തന്നെ. എന്നാൽ ഈ ലോകത്തിലെ സകല പദവികളും നശ്വരമാണെന്ന് നാം സ്മരിക്കണം. തിരുവചനത്തിൽ സഭാപ്രസംഗി എന്ന പുസ്തകത്തിൽ അന്നത്തെ ലോകത്തിലേക്കും ഏറ്റവും ജ്ഞാനിയും, സമ്പന്നനുമായിരുന്ന ശലോമോൻ രാജാവിന്റെ ജീവിതാന്ത്യത്തിൽ "സൂര്യനു കീഴിൽ സകലവും മായയും വൃഥാ പ്രയത്നവുമാണെന്നുള്ള തിരിച്ചറിവുണ്ടായി". ദൈവത്തെ ഭയപ്പെട്ട് അവന്റെ കല്പനകളെ പ്രമാണിച്ചു കൊള്ളുക; അത് ആകുന്നു സകല മനുഷ്യർക്കും വേണ്ടുന്നത്" എന്ന പ്രബോധനമാണ് നല്കുന്നത്.

റോത്ത്സ്ചൈൽഡ് (Rothschild) എന്ന യഹൂദ കുടുംബം അവർ ജീവിച്ചിരുന്ന കാലത്തെ ഏറ്റവും സമ്പന്നരായിരുന്നു. അവരുടെ മണിമാളികയുടെ പ്രാകാരശീർഷം (Cornice) പണി പൂർത്തിയാക്കാതെ ശേഷിപ്പിച്ചിരുന്നു. യെഹൂദമതഗ്രന്ഥമായ തൽമൂദ് (Thalmud) അനുസരിച്ച് ഒരു യാഥാസ്ഥിതിക യഹൂദൻ "ഈ ഭവനം എത്ര മനോഹരമാണെങ്കിലും ഇത് എന്റെ ശാശ്വത ഭവനമല്ല ഞാൻ

ശാശ്വത നഗരിക്കായി നോക്കിപ്പോകുന്നു'' എന്ന വിശ്വാസത്താൽ ഭവനത്തിന്റെ ഒരു ഭാഗം പണിതീർക്കാതെ ശേഷിപ്പിച്ചിരുന്നു.

അതിസമ്പന്നനായിരുന്ന അബ്രാഹാം ഒരു കൂടാരവാസി ആയിരുന്നു. തന്റെ വീട്ടിൽ ജനിച്ചവരും അഭ്യാസികളുമായിരുന്ന 318 ആളുകൾ തന്റെ അധീനതയിൽ ഉണ്ടായിരുന്നു. ഹെബ്രോനിലെ ജനങ്ങൾ, "നീ ഞങ്ങളുടെ ഇടയിൽ ദൈവത്തിൽ ഒരു പ്രഭു ആകുന്നു'' എന്നാണ് പ്രസ്താവിച്ചത്. അത്ര മഹാനായ അബ്രാഹാം ഒരു വീടു പണിതിരുന്നില്ല. ദൈവദൂതന്മാർ അവനു പ്രത്യക്ഷരായപ്പോൾ അവൻ കൂടാരവാതിൽക്കൽ ഇരിക്കയായിരുന്നു. അവർക്ക് ഭക്ഷണം നല്കിയത് ഒരു വൃക്ഷത്തിന്റെ ചുവട്ടിലായിരുന്നു. യിസ്ഹാക്ക് റിബേക്കയെ ഭാര്യയായി സ്വീകരിച്ച് പരേതയായ തന്റെ മാതാവ് സാറായുടെ കൂടാരത്തിലാണ് ജീവിതം ആരംഭിച്ചത്. കാരണം, അബ്രാഹാം കൂട്ടവകാശികളായ യിസ്ഹാക്കിനോടും, യാക്കോബിനോടും കൂടെ കൂടാരങ്ങളിൽ പാർത്തു കൊണ്ട് ദൈവം ശില്പിയായി നിർമ്മിച്ചതും, അടിസ്ഥാനങ്ങളുള്ളതുമായ നഗരത്തിനായി കാത്തിരുന്നു(എബ്രാ. 11:9-10).

യെഹൂദനും, ഗമാലിയേലിന്റെ കാൽക്കൽ ഇരുന്ന് പിതാക്കന്മാരുടെ ന്യായപ്രമാണം സൂക്ഷ്മതയോടെ അഭ്യസിച്ചവനും റോമാപൗരനുമായിരുന്ന പൗലൊസ് പുനരുത്ഥാനം പ്രാപിച്ച ദൈവപുത്രനായ യേശുവിനെ ദർശിച്ച ശേഷം പ്രസ്താവിച്ചിരിക്കുന്നത് "എനിക്കു ലാഭമായിരുന്നതൊക്കെയും ഞാൻ ക്രിസ്തു നിമിത്തം ചേതം എന്നെണ്ണിയിരിക്കുന്നു" (ഫിലി. 3:8) എന്നും നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു എന്നും (ഫിലി. 3:20) ആകുന്നു. പൗലൊസിനെ ഭേദ്യം ചെയ്‌വാൻ വന്ന റോമാ ഗവണ്മെന്റിന്റെ ഉദ്യോഗസ്ഥനായ സഹസ്രാധിപൻ ഏറെ മുതൽ കൊടുത്താണ് തനിക്ക് റോമാപൗരത്വം ലഭിച്ചതെന്നു പറയുന്നു. പൗലൊസ് റോമാപൗരനായിട്ടാണ് ജനിച്ചത് എന്നാൽ താൻ സ്വർഗ്ഗീയ പൗരത്വത്തിന് അവകാശി ആയപ്പോൾ തന്റെ ഈ ലോകത്തിലെ ശ്രേഷ്ഠമായ പൗരത്വം വെറും ചപ്പും ചവറും പോലെ മാത്രമേ കാണാൻ കഴിഞ്ഞുള്ളൂ.

പുരാതനകാലങ്ങളേക്കാൾ ഇന്ന് വിശ്വാസികൾ സാമ്പത്തികമായും ശാസ്ത്രീയമായും പുരോഗമിച്ചിരിക്കുന്നു. അനേകരുടെയും പ്രശംസ തങ്ങളുടെ അതിമനോഹരങ്ങളായ രമ്യ ഹർമ്മ്യങ്ങളിലും തങ്ങളുടെ മക്കളുടെ "സ്ത്രീധനമെന്ന ധനപ്പിശാചിന്റെ" വലുപ്പത്തിലുമാണ്. അനേക വർഷങ്ങൾക്കു മുമ്പ് ഇന്ദിരാഗാന്ധി പ്രധാനമന്ത്രി ആയിരുന്നപ്പോൾ "സ്ത്രീധന നിരോധന" ബിൽ പാസാക്കിയെങ്കിലും "പാരിതോഷികം" എന്ന വ്യാജനാമത്തിൽ അനേക കൊലപാതകങ്ങളും ആത്മഹത്യകളും നമ്മുടെ രാജ്യത്ത് അനുദിനം വർദ്ധിക്കുന്നു. ജലപ്രളയം, പകർച്ചവ്യാധികൾ, കോവിഡ് 19 എന്ന മഹാമാരി എന്നിവയാൽ ലക്ഷോപലക്ഷം ജനങ്ങൾ മൃത്യുവീനിരയായിത്തീരുകയും അനേകർ നിമിഷനേരത്തിൽ സകലവും നശിച്ച് അനാഥരായിത്തീരുകയും ചെയ്യുന്നു. ഈ നശ്വര ലോകത്തിൽ നമുക്ക് ആഗ്രഹിക്കാനും ആശ്വസിക്കാനുമായിട്ടുള്ളത് സ്വർഗ്ഗീയ പൗരത്വം മാത്രമാണ്. ആ പൗരത്വം ലഭിക്കേണ്ടതിന് നാം സ്വർഗ്ഗീയ പിതാവിന്റെ മക്കൾ ആയിരിക്കണം (യോഹ. 1:12). ഇതുവരെ രക്ഷാനിർണ്ണയം പ്രാപിച്ചിട്ടില്ലാത്തവർ യേശുക്രിസ്തുവിൽ വിശ്വസിച്ച് പാപമോചനം പ്രാപിക്കണം. അടുത്ത നിമിഷം നമുക്ക് എന്തു സംഭവിക്കുമെന്നറിയാൻ പാടില്ലാത്തതിനാൽ ലഭിച്ചിരിക്കുന്ന സന്ദർഭം ഉപയോഗിച്ച് നിത്യരാജ്യത്തിന് അവകാശികളാകുവാൻ കർത്താവു സഹായിക്കട്ടെ. "നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു".

**മേരി അഞ്ചൻ, തുംകൂർ**
ചീഫ് എഡിറ്റർ

# കൊടുങ്കാറ്റിലൂടെ അത്ഭുതം പ്രവർത്തിക്കുന്ന ദൈവം

എൽസി ബേബി, ന്യൂ യോർക്ക്



**കൊടുങ്കാറ്റും,** തിരമാലകളുമെല്ലാം നമ്മുടെ ജീവിതത്തിൽ നേരിടുന്ന പ്രശ്നങ്ങളോടും, പ്രതിസന്ധികളോടും, ദുഃഖങ്ങളോടുമെല്ലാം നാം താരതമ്യപ്പെടുത്തി ചിന്തിക്കാറുണ്ട്. നമ്മെ ഭയപ്പെടുത്തി നിരാശപ്പെടുത്തുന്ന പ്രകൃതി ക്ഷോഭങ്ങളും, രോഗങ്ങളും, ദുഃഖങ്ങളും അടിക്കടി നേരിടുമ്പോൾ “ദൈവം എന്തുകൊണ്ടാണ് ഇങ്ങനെയൊക്കെ വരുത്തുന്ന”തെന്ന് നാം അറിയാതെ ചോദിച്ചു പോകാറുമുണ്ട്. തിരുവെഴുത്തിൽ “ദൈവം കൊടുങ്കാറ്റിനെ ശാന്തമാക്കി, തിരമാലകൾ അടങ്ങി. ശാന്തത വന്നതുകൊണ്ട് അവർ സന്തോഷിച്ചു. അവർ ആഗ്രഹിച്ച തുറമുഖത്ത് അവൻ അവരെ എത്തിച്ചു” (സങ്കീ.107:29-30) എന്നു രേഖപ്പെടുത്തിയിരിക്കുന്നു. ഈ വേദഭാഗം വായിച്ചപ്പോൾ എന്റെ ഓർമ്മയിൽ വന്ന ഒരു സംഭവകഥ വിവരിക്കട്ടെ. 1830-ൽ അലക്സാണ്ടർ ഡഫ് (Alexander Duff) എന്ന മിഷ്യനറി ഇൻഡ്യയിലേക്കു പോകുവാൻ കപ്പലിൽ യാത്രയായി. എന്നാൽ കൊടുങ്കാറ്റടിച്ച് കപ്പൽച്ചേതമുണ്ടായി യാത്രക്കാർ വിജനമായ ഒരു ദ്വീപിൽ എത്തി രക്ഷപ്പെട്ടു. എന്തുചെയ്യണമെന്നറിയാതെ അവർ അവിടെ നില്ക്കുമ്പോൾ തിരമാലകളാൽ കരയ്ക്കെത്തുന്ന ഒരു പുസ്തകം അവർ കണ്ടു. എടുത്തു നോക്കിയപ്പോൾ അത്ഭുതമെന്നോണം അത് കപ്പലിൽ വച്ചു നഷ്ടപ്പെട്ട മിസ്റ്റർ ഡഫിന്റെ വേദപുസ്തകമായിരുന്നു. വലിയ അത്ഭുതത്തോടും സന്തോഷത്തോടുംകൂടെ വെയിലത്തു വച്ച് ഉണക്കി അവർ വായിക്കാനായി തിരുവചനം തുറന്നപ്പോൾ കിട്ടിയത് 107-ാം സങ്കീർത്തനമായിരുന്നു. അതിലെ ഓരോ വാക്യങ്ങളും വായിച്ച് അവർ സന്തോഷിച്ചു പ്രാർത്ഥിച്ച് ദൈവത്തെ മഹത്ത്വപ്പെടുത്തി. അധികം താമസിയാതെ ഒരു കപ്പൽ വന്ന് അവരെ രക്ഷപ്പെടുത്തി അവർ ഇൻഡ്യയിലെത്തി എന്നതാണത്ഭുതം! തിരുവചനം, ജീവനും, ചൈതന്യമുള്ളതും നമ്മെ ജീവിപ്പിക്കുന്നതുമായ ദൈവശക്തിയാകുന്നു. 107-ാം സങ്കീർത്തനത്തിൽ സ്വർഗ്ഗത്തിലെ ദൈവം തന്റെ ജനങ്ങളെ പോറ്റിപ്പുലർത്തിയ വിധങ്ങളാണല്ലോ വിവരിച്ചിരിക്കുന്നത്. ഒരു ദീർഘയാത്രയിൽ നേരിടാമാകുന്ന വിശപ്പ്, ദാഹം, ചൂട്, തണുപ്പ്, അന്ധകാരം, ശത്രുക്കളുടെ ആക്രമണം ഇങ്ങനെ നിരവധി കഷ്ടങ്ങളും ദുരിതങ്ങളും അനുഭവിച്ചു വേണം ഉദ്ദിഷ്ട സ്ഥാനത്തെത്തുവാൻ. എന്നാൽ അവരോടു കൂടെ ഇരുന്ന് അവർക്കു വേണ്ടതെല്ലാം നല്കി പരിപാലിച്ച സർവ്വശക്തനായ ദൈവത്തെ വാഴ്ത്തിപ്പുകഴ്ത്തി നന്ദിയോടെ സ്തോത്രം ചെയ്യാനുള്ള ആഹ്വാനമാണ് അവിടെ പറഞ്ഞിരിക്കുന്നത്. നമ്മുടെ ഓരോരുത്തരുടേയും ജീവിത യാത്രയിൽ നേരിട്ടുപോകുന്ന എല്ലാ ആപത്തുകളിൽ നിന്നും, ആവശ്യങ്ങളിലും, നമ്മോടു കൂടെ വസിച്ചു നമ്മെ പരിപാലിക്കുന്ന ഒരു പിതാവാകുന്നു സ്വർഗ്ഗത്തിലെ ദൈവം എന്നു വിശ്വസിക്കുക. സമുദ്രത്തിലൂടെയുള്ള യാത്രയിൽ കൊടുങ്കാറ്റും തിരമാലകളും ഉയരുമ്പോൾ ആടി ഉലയുന്ന കപ്പലിലെ യാത്ര എത്ര അപകടകരമാകുന്നു! അപ്പൊസ്തലനായ പൗലൊസും 276 യാത്രക്കാരും റോമിലേക്കു യാത്ര ചെയ്ത കപ്പൽ ഈശാനമൂലൻ എന്ന കൊടുങ്കാറ്റിൽ പെട്ടു തകർന്ന കഥ നമുക്കറിയാമല്ലോ. ഒരു ദേഹി പോലും നഷ്ടപ്പെടാതെ എല്ലാ യാത്രക്കാരും സുരക്ഷിതരായി കരയിലെത്തിയത്

ദൈവകൃപയും കരുതലുമല്ലാതെ മറ്റെന്താകുന്നു? അതുപോലെ നമ്മുടെ കർത്താവായ യേശുക്രിസ്തു ഈ ഭൂമിയിലായിരുന്നപ്പോൾ ശിഷ്യന്മാരുമായി പടകിൽ ഗലീലക്കടലിൽ യാത്ര ചെയ്തപ്പോൾ കൊടുങ്കാറ്റിലും തിരമാലയിലും പെട്ടു പടകു മുങ്ങാറായപ്പോൾ കാറ്റിനേയും കടലിനേയും ശാസിച്ചു ശാന്തമാക്കിയ ദൈവപുത്രൻ ശിഷ്യന്മാരുടെ ഭയത്തേയും അവിശ്വാസത്തേയും ശാസിക്കയുണ്ടായി. ഈ സകല ആകാശത്തിന്റേയും, ഭൂമിയുടേയും, സമുദ്രത്തിന്റേയും സൃഷ്ടികർത്താവും ഉടയവനുമായ ദൈവം സർവ്വശക്തിമാനും, പരമാധികാരിയുമാകുന്നു. കാറ്റുകളുടേയും, പ്രകൃതിയുടേയും, അഗ്നിയുടേയും, ഹിമത്തിന്റേയും, സൂര്യചന്ദ്രാദികളുടേയും നക്ഷത്രജാലങ്ങളുടേയും അധികാരി അദൃശ്യനും അരൂപിയുമായ സർവ്വേശ്വരൻ തന്നെയാകുന്നു. മനുഷ്യനായി ഈ ഭൂമിയിലേക്കവതരിച്ച കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് അദൃശ്യനായ ദൈവാവതാരമാകുന്നു. കൃപയാലെ വിശ്വാസം മൂലം കർത്താവായ യേശുക്രിസ്തുവിലൂടെ പിതാവായ ദൈവത്തിന്റെ മക്കളാകുവാനുള്ള അധികാരം പിതാവു ദാനം ചെയ്തിരിക്കുന്നു. അവനിൽ വിശ്വസിച്ചു ദൈവമക്കൾ എന്ന പദവിയോടെ ഭൂമിയിൽ ജീവിക്കുന്ന ക്രിസ്തുവിശ്വാസികൾക്കു നേരിടുന്ന സകല കഷ്ടങ്ങളും, രോഗദുഃഖാദികളും, പീഡനങ്ങളും, പ്രതിസന്ധികളും എല്ലാം നമ്മുടെ പിതാവിന്റെ അറിവോടെയാകുന്നുവെന്നും അവയിലെല്ലാം ഉദ്ദേശ്യങ്ങളുണ്ടെന്നും വിശ്വസിക്കുക. കാരണം അവയിലെല്ലാം നാം ഭയപ്പെടുകയും, അധൈര്യപ്പെടുകയും ചെയ്യുമ്പോൾ "ഭയപ്പെടേണ്ടാ, ഞാൻ നിന്നോടുകൂടെയുണ്ട്. ഞാൻ നിന്നെ സഹായിക്കും'' എന്ന വാഗ്ദത്തവുമായി നമ്മോടു കൂടെയുള്ള സർവ്വാധികാരിയായ പിതാവിൽ ആശ്രയിക്കുക, പ്രാർത്ഥിക്കുക, വിശ്വസിച്ചു കാത്തിരിക്കുക. ദൈവത്തിലുള്ള വിശ്വാസവും ആശ്രയവും എത്രയുണ്ടെന്നു പരീക്ഷിപ്പാനും, നമ്മുടെ വിശ്വാസം വർദ്ധിപ്പിച്ചു സർവ്വശക്തനായ ദൈവത്തിൽ മാത്രം ആശ്രയിപ്പാനുമാകുന്നു നമുക്കു നേരിടുന്ന കഷ്ടതകൾ എന്നു വിശ്വസിച്ചു സമാധാനിക്കുക. "നിഷ്കളങ്കനും, നേരുള്ളവനും, ദൈവഭക്തനും, ദോഷം വിട്ടകലുന്നവനെ''ന്നും, ദൈവത്താൽ സാക്ഷ്യം പ്രാപിച്ച ഇയ്യോബ് എന്ന ഭക്തന്റെ വസ്തുവകകളും, മൃഗസമ്പത്തും, മക്കളും, ഭവനവുമൊക്കെ നഷ്ടപ്പെട്ടപ്പോൾ അദ്ദേഹം എന്താണ് ചെയ്തത്?" ഞാൻ നഗ്നനായി എന്റെ അമ്മയുടെ ഗർഭാശയത്തിൽ നിന്നും പുറപ്പെട്ടുവന്നു, നഗ്നനായിത്തന്നെ മടങ്ങിപോകും. യഹോവ തന്നു, യഹോവ എടുത്തു, യഹോവയുടെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ" എന്നു പറഞ്ഞ് ആശ്വസിച്ച് വലിയവനായ ദൈവമുമ്പാകെ വീണു നമസ്കരിച്ച് ആരാധിച്ചു. അതാകുന്നു യഥാർത്ഥ വിശ്വാസവും, ആരാധനയും, ദൈവാശ്രയവും. അതിനു ശേഷം തന്റെ ദേഹമാസകലം ഉള്ളങ്കാൽ മുതൽ നെറുകവരെ പഴുത്തു പൊട്ടി ഒഴുകുന്ന വല്ലാത്ത പരുക്കളാൽ ബാധിച്ചു വേദനയിൽ നീറി നീറി കഴിയുന്ന ഭർത്താവിനെ നോക്കി തന്റെ ഭാര്യ താങ്ങാൻ ശക്തിയില്ലാതെ "ഇനിയും നിന്റെ ഭക്തി മുറുകെ പിടിച്ചു കൊണ്ടിരിക്കുന്നുവോ? ദൈവത്തെ ത്യജിച്ചു പറഞ്ഞു മരിച്ചു കളക" എന്നു പറഞ്ഞപ്പോൾ ആ ഭക്തൻ സ്നേഹവാത്സല്യത്തോടെ തന്റെ സ്നേഹഭാജനത്തെ നോക്കി "ഒരു പൊട്ടി സംസാരിക്കുന്നതുപോലെ നീ സംസാരിക്കുന്നു. നാം ദൈവത്തിന്റെ കൈയ്യിൽ നിന്നും നന്മ കൈക്കൊള്ളുന്നു. തിന്മയും കൈക്കൊള്ളരുതോ?" എന്ന് പറഞ്ഞ് ആശ്വസിപ്പിക്കയായിരുന്നു. അതാകുന്നു യഥാർത്ഥ വിശ്വാസവും ദൈവാശ്രയവും. ഒടുവിൽ അദ്ദേഹത്തിന്റെ വിശ്വാസത്തിലും സഹിഷ്ണുതയിലും ദൈവം പ്രസാദിച്ചു തനിക്കു സൗഖ്യം നല്കുക മാത്രമല്ല തനിക്കു നഷ്ടമായതെല്ലാം ഇരട്ടിയായി നല്കി അനുഗ്രഹിച്ചു. വിശ്വാസത്തിന്റെ അഗ്നിപരിശോധനയിൽ അദ്ദേഹം വിജയിച്ചു. ഇതു നമുക്കു ദൃഷ്ടാന്തമായി തിരുവചനത്തിലൂടെ നല്കപ്പെട്ടിരിക്കുന്നു.

*ശേഷം 6-ാം പേജിൽ*

# കാണാതെ പോയ കഴുതകൾ



ജെസി ബെൻസെൻ, കൊച്ചി

യിസ്രായേൽ ജനത്തിന് രാജാവായിരിക്കേണ്ടതിന് ദൈവം ശൗലിനെ തിരഞ്ഞെടുത്തതു സംബന്ധിച്ച വിവരണം ആരംഭിക്കുന്നത്, അവന്റെ അപ്പനായ കീശിന്റെ കഴുതകൾ കാണാതെ പോയ സംഭവത്തെക്കുറിച്ച് പറഞ്ഞുകൊണ്ടാണ്. ആ കഴുതകളെ എങ്ങനെ കാണാതെ പോയെന്നോ എവിടെ നിന്നു കണ്ടുകിട്ടിയെന്നോ ഒന്നും തിരുവചനം നമുക്കു വെളിപ്പെടുത്തിത്തന്നിട്ടില്ല. എന്നാൽ എന്തുകൊണ്ട് അവയെ കാണാതെ പോയി എന്നതു സംബന്ധിച്ച് വ്യക്തമായ സൂചനകൾ നല്കപ്പെട്ടിട്ടുണ്ട് (1 ശമു. 9:3).

അപ്പനായ കീശിന്റെ നിർദ്ദേശപ്രകാരം ശൗൽ ഒരു ഭൃത്യനെയും കൂട്ടി കഴുതകളെ തിരഞ്ഞു നടന്നുവെങ്കിലും അവയെ കണ്ടെത്തുവാൻ കഴിഞ്ഞില്ല. മൂന്നു ദിവസത്തെ അന്വേഷണത്തിന് ഒടുവിൽ മടങ്ങിപ്പോകുവാൻ അവർ ആഗ്രഹിച്ചെങ്കിലും, ആ പട്ടണത്തിൽ ഒരു ദൈവപുരുഷൻ ഉണ്ടെന്നറിഞ്ഞ്, ആ വഴിക്കു ഒന്നുകൂടെ അന്വേഷിക്കാൻ അവർ തീരുമാനിച്ചു. കഴുതകളെ കണ്ടെത്തേണ്ടതിന് തങ്ങൾ പോകേണ്ട വഴി ചോദിച്ചറിയാം എന്ന ഭൃത്യന്റെ അഭിപ്രായപ്രകാരമാണ് അവർ ദൈവപുരുഷനായ ശമുവേലിന്റെ അരികിൽ എത്തിച്ചേർന്നത്.

ശൗലും ഭൃത്യനും ശമൂവേലിന്റെ അടുക്കൽ എത്തിച്ചേരുന്നതിന്റെ തലേന്നു തന്നെ, താൻ അവരെ അയയ്ക്കുന്നതാണെന്നു ദൈവം ശമൂവേലിനെ അറിയിച്ചിരുന്നു. "നാളെ ഇന്നേരത്ത് ബെന്യാമീൻ ദേശക്കാരനായ ഒരാളെ ഞാൻ നിന്റെ അടുക്കൽ അയയ്ക്കും. എന്റെ ജനമായ യിസ്രായേലിനെ ഭരിക്കേണ്ടതിന് നീ അവനെ അഭിഷേകം ചെയ്യണം" (1 ശമൂ.9:16) എന്നായിരുന്നു ദൈവം ശമൂവേലിനോട് അരുളിചെയ്തിരുന്നത്. അതിൽ നിന്നു തന്നെ കീശിന്റെ കഴുതകൾ കാണാതെ പോയതിനു പിന്നിൽ ദൈവത്തിന്റെ പദ്ധതിയും ആസൂത്രണവും ഉണ്ടായിരുന്നു എന്നു വ്യക്തമാകുന്നു. ശൗലിനെ ശമൂവേലിന്റെ അരികിലെത്തിക്കുന്നതിനുള്ള ഒരു മുഖാന്തരം മാത്രമായിരുന്നു, കഴുതകളെ കാണാതാകുവാൻ ഇടവരുത്തിയതിനു പിന്നിൽ ഉണ്ടായിരുന്നത്.

ശമൂവേൽ താൻ യിസ്രായേലിനു രാജാവായി അഭിഷേകം ചെയ്യുവാനുള്ള ശൗലിനെ കാത്തിരിക്കുമ്പോഴാണ് കാണാതെ പോയ കഴുതയുടെ കാര്യം പറഞ്ഞ് ശൗലും ഭൃത്യനും ശമൂവേലിന്റെ അരികിൽ എത്തിച്ചേരുന്നത്. "മൂന്നു ദിവസം മുമ്പെ കാണാതെപോയ കഴുതകളെക്കുറിച്ച് ചിന്തിക്കേണ്ട; അവയെ കണ്ടുകിട്ടിയിരിക്കുന്നു..." എന്നു പറഞ്ഞുകൊണ്ടാണ് ശമൂവേൽ യിസ്രായേലിന്റെ ആഗ്രഹത്തെയും അവന്റെ മേലുള്ള ദൈവിക നിയോഗത്തെയും കുറിച്ച് പറയുന്നത്. കഴുതയെ തേടി വന്ന ശൗൽ രാജത്വം നേടിയാണ് മടങ്ങിപ്പോയത്. ശൗൽ ശമൂവേലിനരികിൽ എത്തിച്ചേരുന്നതു വരെ മാത്രമേ കഴുതകളെ കാണാതെപോയ സംഭവത്തിനു പ്രസക്തി ഉണ്ടായിരുന്നുള്ളൂ. ശൗൽ നിശ്ചിത സ്ഥലത്തും സ്ഥാനത്തും എത്തിച്ചേരുന്നതിനുള്ള ദൈവിക പദ്ധതി മാത്രമായിരുന്നു താത്ക്കാലികമായ ആ നഷ്ടങ്ങൾ.

ശൗൽ കഴുതകളെ കണ്ടെത്താനുള്ള വഴി തേടി ദൈവപുരുഷനരികിലെത്തിയതു

പോലെ ഭൗതികവും നിസ്സാരവുമായ ആവശ്യങ്ങളുമായിട്ടായിരിക്കാം നാം ദൈവസന്നിധിയിൽ എത്തുന്നത്. നമ്മെ തനിക്കരികിലേക്കു അടുപ്പിക്കുന്നതിനുള്ള ഉപാധികൾ മാത്രമായിട്ടായിരിക്കാം ദൈവം അത്തരം നഷ്ടങ്ങളും ആവശ്യങ്ങളും നമുക്കു അനുവദിക്കുന്നത്. അത്യുന്നതവും ഘനതരവുമായ വിഷയങ്ങളിലേക്ക് നമ്മെ വലിച്ചടുപ്പിക്കുന്ന ഇത്തരം നഷ്ടങ്ങൾക്കായി നമുക്കു ദൈവത്തെ സ്തുതിക്കാം.

കഴുതകൾ കാണാതെ പോയേക്കാം. നഷ്ടങ്ങൾ സംഭവിച്ചേക്കാം. എന്നാൽ ചിന്താകുലവും വിഷാദവുമൊക്കെ വെടിഞ്ഞ് ദൈത്തിന്റെ പദ്ധതി എന്തെന്ന് ആരാഞ്ഞറിഞ്ഞ് അതിലൂടെ സഞ്ചരിക്കയാണ് വേണ്ടത്. അപ്പം തീർന്നു പോയിട്ടും പണം കൈവശമില്ലാതിരുന്നിട്ടും മടങ്ങിപ്പോകാതെ ഭൃത്യന്റെ നിർദ്ദേശാനുസരണം മുന്നേറിയ ശൗൽ ദൈവിക പദ്ധതിയിലൂടെ സഞ്ചരിക്കുകയായിരുന്നു. നമ്മുടെ ചിന്തകളെയും ആഗ്രഹങ്ങളെയും ഉന്നതവും നിലനില്ക്കുന്നതുമായ സംഗതികളിലേക്ക് തിരിച്ചുവിടാം. താല്ക്കാലിക നഷ്ടങ്ങളെ ഗണ്യമാക്കാതിരിക്കാം. ദൈവം കൃപ നല്കട്ടെ. ❑

---

*പേജ് 4 ന്റെ തുടർച്ച (കൊടുങ്കാറ്റിലൂടെ അത്ഭുതം പ്രവർത്തിക്കുന്ന ദൈവം)*

പ്രിയമുള്ളവരേ, ഇന്ന് ലോകമാകമാനം ഇളകിമറിയുന്ന കടൽ പോലെ ഇളകി മറിഞ്ഞു കൊണ്ടിരിക്കയാകുന്നു. എവിടെ നോക്കിയാലും ഭയവും, ചഞ്ചലവും, നിരാശയും, നെടുവീർപ്പുമല്ലാതെ ഒന്നും കാണ്മാനും കേൾപ്പാനുമില്ല. അനേകർ ആത്മഹത്യയിലേക്കു നീങ്ങുന്നു. എന്നാൽ ദൈവമക്കളായ വിശ്വാസികൾ ഉറപ്പും ധൈര്യവുമുള്ളവരായി ദൈവത്തിലുള്ള വിശ്വാസത്തിലും ആശ്രയത്തിലും ശക്തിപ്പെട്ട് ഭാഗ്യകരമായ ഒരു പ്രത്യാശയെ മുമ്പിൽ കണ്ടുകൊണ്ട് പ്രാർത്ഥനയിലും, ആരാധനയിലും, ദൈവാശ്രയത്തിലും കഴിയുന്നു. സ്തോത്രം. എത്ര വലിയ കൊടുങ്കാറ്റടിച്ചാലും, ഈശാനമൂലൻ കപ്പലിനെ തകർത്താലും ഭയപ്പെടേണ്ടതില്ല. സകല സൃഷ്ടികളുടേയും ഉടയവൻ നമ്മോടുകൂടെയുണ്ട്. നാം ആഗ്രഹിക്കുന്ന തുറമുഖത്ത് അവൻ നമ്മെ ക്ഷേമത്തോടെ എത്തിക്കും. ഈ വിശ്വാസമില്ലാത്ത ആരെങ്കിലും ഇത് വായിക്കുന്നുണ്ടെങ്കിൽ ധൈര്യപ്പെടുക. ജീവനുള്ള ദൈവത്തിൽ ആശ്രയിക്കുക. സമാധാനമായി കഴിയുക. നല്ല ഒരു പ്രഭാതം പൊട്ടി വിടരും. അന്ധകാരം മാറി വെളിച്ചം പ്രകാശിക്കും വിശ്വാസത്തോടും സഹിഷ്ണുതയോടും കൂടെ കാത്തിരിക്കുക. ഈ ലേഖനം അതിന്നു സഹായമായിത്തീരട്ടെ! ❑

---

## രചനകൾ

ക്രൈസ്തവ വനിതയിൽ നിങ്ങൾക്കെഴുതാൻ താത്പര്യമുണ്ടോ? ദൈവം നിങ്ങൾക്ക് ഒരാശയം നല്കിയിട്ടുണ്ടെങ്കിൽ ക്രൈസ്തവ ജനതയുടെ ആത്മിക അഭിവൃദ്ധിക്കായി, അനുഗ്രഹത്തിനായി അതെഴുതി ഞങ്ങൾക്കയച്ചുതരിക, നിങ്ങളുടെ സാഹിത്യസൃഷ്ടികൾ വെളിച്ചം കാണട്ടെ. വനിതകളായ എഴുത്തുകാർക്ക് മുൻഗണന. നിങ്ങളുടെ രചനകൾ മൂന്നു പേജിൽ കവിയരുത്. രചനകൾ അയയ്ക്കേണ്ട വിലാസം താഴെ കൊടുത്തിരിക്കുന്നു.

The Editor
Christian Woman,Good News
Akkulam Road
Trivandrum - 695 011
Telephone : 0471 - 2448079

# മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല

(ഉത്പത്തി 2:18)

മോളിക്കുട്ടി ചാക്കോ, കണ്ണൂർ



**ബൈ**ബിളിൽ വായിക്കുന്നു “മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല” ഉത്പത്തി 2:18. ഒരു മനുഷ്യനും ഏകനായി ജീവിക്കുക സാദ്ധ്യമല്ല. മനുഷ്യജീവിതം പൂർണ്ണമാകണമെങ്കിൽ അവനു തക്ക തുണ വേണം. അവൻ വിവാഹം കഴിക്കണം, വിവാഹം ആവശ്യമാണ്. തലമുറകൾ ജനിക്കണമെങ്കിൽ, ഒരു കുടുംബം ഉണ്ടാകണമെങ്കിൽ ഒരു സ്ത്രീയും പുരുഷനും തമ്മിൽ വിവാഹം കഴിച്ചിരിക്കണം. വിശുദ്ധ ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നത് “നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറഞ്ഞ് അതിനെ അടക്കി സമുദ്രത്തിലെ മത്സ്യത്തിന്മേലും ആകാശത്തിലെ പറവജാതിയിന്മേലും, സകല ഭൂചര ജന്തുവിന്മേലും വാഴുവിൻ എന്ന് അവരോട് കല്പിച്ചു. യഹോവയായ ദൈവം ആകാശവും ഭൂമിയും സകലവും സൃഷ്ടിച്ചു. ഈ ഭൂമിയിൽ മനുഷ്യനു ജീവിക്കാൻ വേണ്ടുന്ന എല്ലാവകകളും ഉണ്ടാക്കിയതിനുശേഷം (സൃഷ്ടിച്ചതിനു) യഹോവയായ ദൈവം നിലത്തെ പൊടികൊണ്ട് മനുഷ്യനെ നിർമ്മിച്ചിട്ടു, അവന്റെ മൂക്കിൽ ജീവശ്വാസം ഊതി. മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു (ഉത്പത്തി 2:7). ഇങ്ങനെ ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു ദൈവത്തിന്റെ സ്വരൂപത്തിൽ അവനെ സൃഷ്ടിച്ചു. ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു. ദൈവം അവരെ അനുഗ്രഹിച്ചു. നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറഞ്ഞു അതിനെ അടക്കി....വാഴുവിൻ എന്നു അവരോടു കല്പിച്ചു. (ഉത്പ. 1:27, 28).

(ഉത്പത്തി 2:15,16). യഹോവയായ ദൈവം മനുഷ്യനെ കൂട്ടിക്കൊണ്ടു പോയി ഏദെൻ തോട്ടത്തിൽ വേല ചെയ്യുവാനും അതിനെ കാപ്പാനും അവിടെ ആക്കി. യഹോവയായ ദൈവം മനുഷ്യനോട് കല്പിച്ചത് എന്തെന്നാൽ “തോട്ടത്തിലെ സകല വൃക്ഷങ്ങളുടെയും ഫലം നിനക്കു ഇഷ്ടം പോലെ തിന്നാം; എന്നാൽ നന്മ തിന്മകളെ കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നരുതു; തിന്നുന്ന നാളിൽ നീ മരിക്കും. ഇത്രയും കല്പന ദൈവം മനുഷ്യനു കൊടുക്കുമ്പോൾ (ആദാമിന്) ഒരു മർമ്മം അവിടെ മറഞ്ഞിരിക്കുന്നു. അത് എന്താണ്? ആദാമിൽ തന്നെ ഹവ്വായും ഉണ്ടായിരുന്നു സത്യം (മനുഷ്യനിൽ തന്നെ സ്ത്രീയും ഉണ്ടായിരുന്നു). ദൈവം മനുഷ്യനിൽ നിന്നും സ്ത്രീയെ വേർപ്പെടുത്തുന്നതുവരെ മറഞ്ഞിരുന്നുവെന്നു സാരം. യഹോവയായ ദൈവം “മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല; ഞാൻ അവന്നു തക്കതായൊരു തുണ ഉണ്ടാക്കിക്കൊടുക്കും എന്നു അരുളിച്ചെയ്തു” (ഉത്പത്തി 2:18).

സ്വർഗ്ഗത്തിലെ ദൈവം ആണ് ഭൂമിയിൽ വിവാഹം സ്ഥാപിച്ചത്. ദൈവം സ്ഥാപിച്ച മഹത്തായ സ്ഥാപനമാണ് കുടുംബം. “കൂടുമ്പോൾ ഇമ്പം” എന്നുള്ളതാണ്. വിശുദ്ധ ബൈബിളിൽ കുടുംബത്തിന് വളരെ പ്രാധാന്യം ആണുള്ളത്. ഭൂമിയിലെ ആദ്യ കുടുംബം ആദാമിന്റെ കുടുംബമാണ് (എബ്രാ. 13:4-ൽ). വിവാഹം എല്ലാവർക്കും മാന്യവും കിടക്ക നിർമ്മലവും ആയിരിക്കട്ടെ.

(ഉത്പത്തി. 2:20-24) - മനുഷ്യൻ എല്ലാ കന്നുകാലികൾക്കും ആകാശത്തിലെ പറവകൾക്കും, എല്ലാ കാട്ടുമൃഗങ്ങൾക്കും പേരിട്ടു

എങ്കിലും മനുഷ്യന്നു തക്കതായൊരു തുണ കണ്ടു കിട്ടിയില്ല. ആകയാൽ യഹോവയായ ദൈവം മനുഷ്യന്നു ഒരു ഗാഢനിദ്ര വരുത്തി. അവൻ ഉറങ്ങിയപ്പോൾ അവന്റെ വാരിയെല്ലു കളിൽ ഒന്നു എടുത്തു അതിന്നു പകരം മാംസം പിടിപ്പിച്ചു. ദൈവം മനുഷ്യനിൽ നിന്നു എടുത്ത വാരിയെല്ലിനെ ഒരു സ്ത്രീയാക്കി. അവളെ മനു ഷ്യന്റെ അടുക്കൽ കൊണ്ടുവന്നു. അപ്പോൾ മനുഷ്യൻ ഇതു ഇപ്പോൾ എന്റെ അസ്ഥിയിൽ നിന്നു അസ്ഥിയും എന്റെ മാംസത്തിൽ നിന്നു മാംസവും ആകുന്നു. ഇവളെ നരനിൽ നിന്നു എടുത്തിരിക്കയാൽ ഇവൾക്കു നാരി എന്നു പേരാകും എന്നു പറഞ്ഞു. അതുകൊണ്ട് പുരു ഷൻ അപ്പനെയും അമ്മയെയും വിട്ടു പിരിഞ്ഞു ഭാര്യയോടു പറ്റിച്ചേരും. അവർ ഏകദേഹമായി തീരും. ഇങ്ങനെ ഭൂമിയിൽ ദൈവം സ്ഥാപിച്ച ഒന്നാമത്തെ വിവാഹം തക്ക തുണയെ ഉണ്ടാ ക്കികൊടുത്തു. അവന്റെ ശരീരത്തിനും, ബുദ്ധിക്കും, വികാരത്തിനും, സ്വഭാവത്തിനും ചേർന്ന ഒരു വ്യക്തിയായി ഒരു സ്ത്രീ അവന്നു ആവശ്യമായിരുന്നു. അന്യോന്യം അവരുടെ ആവശ്യങ്ങൾ പൂർണ്ണമായി നിറവേറ്റുന്ന വിധ ത്തിലാണ് ദൈവം ആദാമിന് തുണയായി സ്ത്രീയെ കൊടുത്തത്.

ദൈവം സ്ത്രീയെ രൂപപ്പെടുത്തിയത് അവൻ അവളെ ചവുട്ടിക്കളയാതിരിക്കുവാൻ കാലിൽ നിന്നല്ല, അവൾ അവനെ ഭരിക്കാതി രിക്കേണ്ടതിന് തലയിൽ നിന്നല്ല എടുത്തത്. മറിച്ച് അവൾ അവന് തുണയാകേണ്ടതിന് അവന്റെ ഒരു വശത്തെ വാരിയെല്ലിൽ നിന്നാണ് അവളെ രൂപപ്പെടുത്തിയത്. പുരുഷൻ സ്ത്രീയെ അടിച്ചമർത്തുവാൻ സ്ത്രീ പുരുഷ നെക്കാൾ തരം താണതാണെന്ന് ഒന്നും ഉത്പത്തി പുസ്തകത്തിലില്ല. പുരുഷന്റെ ആവശ്യം പ്രത്യേക രീതിയിൽ നിറവേറ്റുവാ നാണ് സ്ത്രീയെ ദൈവം സൃഷ്ടിച്ചത്. സ്ത്രീ പുരുഷന് കീഴ്പ്പെടണം. പുരുഷന്റെ പങ്കാളി യായി സൃഷ്ടിക്കപ്പെട്ട സ്ത്രീയെ സംബന്ധിച്ച് മറ്റ് പല സൂചനകളുമുണ്ട്. ആദാമിനു പങ്കാളി യായി മറ്റൊരു പുരുഷനെ സൃഷ്ടിക്കാതെ ദൈവം സ്ത്രീയെയാണ് സൃഷ്ടിച്ചത്. മനുഷ്യൻ വിവാഹശേഷം അപ്പനെയും, അമ്മയെയും വിട്ടുപിരിഞ്ഞ് ഭാര്യയോട് പറ്റിച്ചേരുകയും ഒരു ദേഹമായി തീരുകയുമാണ് ദൈവത്തിന്റെ ഉദ്ദേശ്യം (ഉത്പത്തി 2:24).

പുരുഷന്റെ സ്വാഭാവികമായ ലൈംഗിക പങ്കാളിയാകുക എന്ന ഉദ്ദേശത്തിനായിരുന്നു ദൈവം സ്ത്രീയെ സൃഷ്ടിക്കുവാൻ തീരുമാനി ച്ചത്. പുരുഷന് ലൈംഗിക പങ്കാളി പുരുഷനാ യിരിക്കരുത്. സ്ത്രീ ആയിരിക്കണം എന്ന ഉദ്ദേ ശ്യത്തിലാണ് പുരുഷനുവേണ്ടി ദൈവം സ്ത്രീയെ ഉണ്ടാക്കിയത്. 1 തിമൊഥെയൊസ് 4:2-ൽ അവർ സ്വന്ത മനസ്സാക്ഷിയിൽ ചൂടുവെ ച്ചവരായി വിവാഹം വിലക്കുകയും, സത്യത്തെ ഗ്രഹിച്ചിരിക്കുന്ന വിശ്വാസികൾ സ്തോത്ര ത്തോടെ അനുഭവിപ്പാൻ ദൈവം സൃഷ്ടിച്ച ഭോജ്യങ്ങളെ വർജ്ജിക്കേണം എന്നു കല്പി ക്കയും ചെയ്യും. യഹോവയുടെ പുസ്തക ത്തിൽ അന്വേഷിച്ചു വായിച്ചു നോക്കുവിൻ; അവയിൽ ഒന്നും കാണാതിരിക്കയില്ല; ഒന്നിനും ഇണ ഇല്ലാതിരിക്കയുമില്ല (യെശയ്യാവ് – 34:16).

ഇന്നു ലോകത്തിലേക്കു നോക്കു മ്പോൾ കത്തോലിക്ക പുരോഹിതന്മാർ സന്യാസജീവിതം നയിക്കുന്നു. അവർ വിവാഹം വിലക്കുന്നു. അവർക്കു തക്ക തുണ വേണ്ടാ, കുടുംബജീവിതം നയിച്ചാൽ അവ രുടെ ആത്മീയ ജീവിതം വേണ്ടവിധം ശരിയാ വുകില്ല; ദൈവകല്പന ലംഘിക്കുന്നു. ഇന്നു കൂടുതലും സന്യാസജീവിതമാണ് അവർ ക്കിഷ്ടം എന്നാൽ നല്ലതു തന്നെ പൗലൊസ് അപ്പൊസ്തലനെപ്പോലെ ജീവിച്ചാൽ കൊള്ളാം (1 കൊരിന്ത്യർ 7:8,9).

ഇന്നാണെങ്കിൽ പലരും വിവാഹം കഴി ക്കുന്നത് സ്ത്രീധനം കൂടുതൽ കിട്ടണം, കാർ, വീട്, ധനം എല്ലാം കിട്ടണമെന്ന ഉദ്ദേശ്യമാണ്. തക്ക തുണയല്ല തക്ക ഇണയായി ചിലർ കരു തുന്നു. ദൈവം തക്ക തുണയെകൊണ്ടാണ് വിവാഹം കഴിപ്പിച്ചത്. നമുക്കും, നമ്മുടെ മക്കൾക്ക് ദൈവാലോചന പ്രകാരം ദൈവഹിത

പ്രകാരം തക്ക തുണയെ കണ്ടുപിടിച്ച് വിവാഹം നടത്തികൊടുക്കണം. പണം വേണം എന്ന ചിന്ത വിടണം. പണമില്ലെങ്കിലും തക്ക തുണ സ്ത്രീധനം ആണ് എന്ന് മാതാപിതാക്കന്മാർ ചിന്തിക്കണം. ദൈവകല്പനയാണ് ലംഘിക്കരുത്, പഴയനിയമത്തിലേക്കു തിരിഞ്ഞാൽ അബ്രാഹാം തന്റെ മകന് സ്ത്രീധനം അങ്ങോട്ട് കൊടുത്താണ് വിവാഹം കഴിപ്പിച്ചത്. അതുപോലെ ദാവീദും. തക്ക തുണയല്ലാത്ത വിവാഹം വേർപിരിയുന്നു. കുടുംബകലഹം ഉണ്ടാകുന്നു. പുരുഷൻ ഭാര്യയെ കൊല്ലുന്നു. ഭാര്യമാർ ഭർത്താവിന്റെയും കുടുംബക്കാരുടെയും പീഡനം നിമിത്തം ആത്മഹത്യ ചെയ്യുന്നു. ഇതൊന്നും ദൈവഹിതമല്ല. ദൈവം ശിക്ഷിക്കും എന്ന് ഓർക്കുക. ഇപ്പോൾ ഓരോ ദിവസത്തെ ദിനപ്പത്രങ്ങളിൽ കൂടി നാം വായിക്കുന്നുണ്ടല്ലോ. ദൈവമക്കളുടെയിടയിലും ഈ പ്രവണത നടക്കുന്നുണ്ട്. ദൈവത്തിന്റെ ശിക്ഷവരുത്തിവെയ്ക്കാതെ തമ്മിൽ തമ്മിൽ സ്നേഹിക്കുക, മാതാപിതാക്കന്മാരെ സ്നേഹിക്കുക, കുഞ്ഞുങ്ങളെ അനാഥരും ആരും ഇല്ലാത്തവരാക്കരുത്; തലമുറയെ നിന്ദിക്കരുത്. ദൈവ കല്പന അനുസരിക്കുക. ഇതു നമ്മുടെ കടമയാണ്.

ലോകത്തിലെ ഭൂരിപക്ഷം ആളുകളെയും ദൈവം കുടുംബജീവിതത്തിലേക്കാണ് വിളിച്ചിരിക്കുന്നത്. നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി ഭൂമിയിൽ പെരുകി നിറവിൻ എന്ന കല്പന ദൈവം മനുഷ്യർക്ക് കൊടുത്തിരിക്കുന്നു. വിവാഹത്തിന്റെ ആദർശം സ്ത്രീയും പുരുഷനും വേർപിരിയാതെ ഒന്നിച്ചു ജീവിക്കുക എന്നാണ്. എന്നാൽ ബഹുഭാര്യത്വവും ബഹുഭർത്തൃത്തവും സ്വവർഗ്ഗ വിവാഹവും ദൈവം അംഗീകരിക്കയില്ല. ഇന്ന് ലോകത്ത് ചിലയിടങ്ങളിൽ സ്വവർഗ്ഗ വിവാഹം നടത്തുവാൻ നിയമം അനുവദിച്ചിട്ടുണ്ട്. ഉദാഹരണമായി എല്ലാവരും വായിച്ചിരിക്കും. മാതൃഭൂമിയിൽ പോപ്പിന്റെ പത്രിക ലേഖനത്തിൽ സ്വവർഗ്ഗവിവാഹം നടത്തി കൊടുക്കാമെന്ന് അവർ ഇരുവരും നമ്മുടെ സഹോദരങ്ങൾ ആണെന്ന് വായിക്കുകയുണ്ടായി. വിവാഹം കഴിച്ച തക്ക തുണയുമായി കുടുംബമായി ജീവിച്ചാൽ ദൈവത്തിന് എന്ത് പ്രസാദം ആയിരിക്കും. ദൈവകല്പന ലംഘിക്കുന്നവർ (ഉത്പത്തി 4-ാം അദ്ധ്യായം മുതൽ മനുഷ്യൻ ബഹു ഭാര്യത്വത്തിലേക്കും, സ്വവർഗ്ഗ പ്രേമത്തിലേക്കും വഴുതിവീണു. ആദാമിന്റെ പിൻ തലമുറയിലെ ലാമെക്ക് രണ്ടു ഭാര്യമാരെ സ്വീകരിച്ചു (ഉത്പത്തി 4:19). കാലം പിന്നിട്ട് ലോത്തിന്റെ കാലഘട്ടം ആയപ്പോൾ ആളുകൾ സ്വവർഗ്ഗ പ്രേമികളായി, പ്രകൃതി വിരുദ്ധ നടപടികൾ സ്വീകരിച്ചതു നിമിത്തം ദൈവത്തിന്റെ കോപാഗ്നിക്ക് ഇരയായി. (ഉത്പത്തി 19:4, 8-24) മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ ലോത്തിന്റെ കാലത്ത് സംഭവിച്ചതുപോലെ തന്നെ (ലൂക്കൊ. 17:28, 30) എന്ന് കർത്താവായ യേശുക്രിസ്തു പറഞ്ഞ വചനങ്ങൾ ഈ അന്ത്യനാളുകളിൽ നിറവേറിക്കൊണ്ടിരിക്കുന്നു. ദൈവകല്പനയെ ലംഘിച്ചു കൊണ്ടു പ്രകൃതി വിരുദ്ധ നിയമത്തിന് സാധുത നല്കികൊണ്ട് സ്വവർഗ്ഗ വിവാഹത്തിനും സ്വവർഗ്ഗ രതിക്കും അനുമതികൾ നല്കി ഹൈക്കോടതി. ഹൈക്കോടതിയുടെ അനുമതി ക്രൈസ്തവ ആദർശങ്ങൾക്കും ദൈവിക നിയമത്തിനും എതിരാണ്. പുരുഷനും സ്ത്രീയുമാണ് വിവാഹത്തിന്റെ അടിസ്ഥാന ഘടകം (റോമർ 1:26;27).

വിവാഹം ദൈവത്താൽ സ്ഥാപിതമായ ഒരു മഹത്ത്വകരമായ ശുശ്രൂഷയാണ്. തിരഞ്ഞെടുക്കപ്പെട്ടു യോജിപ്പിക്കുന്ന യുവതീയുവാക്കന്മാർ മാത്രമായിരിക്കണം വിവാഹിതരാകേണ്ടത്. വിവാഹത്തിലൂടെ ഭാര്യാ-ഭർത്താക്കന്മാരായി ജീവിക്കുന്നവർ ദൈവഹിതപ്രകാരം പണിയുന്ന ഭവനം സന്തുഷ്ട (ഭവനം) കുടുംബമായിതീരണം. ദൈവം സ്ത്രീയെയും പുരുഷനെയും തമ്മിൽ വിവാഹ കരാറോടുകൂടി യോജിപ്പിക്കുമ്പോൾ മുപ്പിരിച്ചരട് അറ്റുപോകയില്ലല്ലോ? അങ്ങനെയുള്ള വിവാഹങ്ങൾ വേർപിരിയുകയില്ല. മൂപ്പിരിച്ചരടുപ്പോലെ അവരുടെ നടുവിൽ അദൃശ്യനായ ക്രിസ്തുവും ഉണ്ടായിരിക്കും. അവരെ നശിപ്പി

*ശേഷം 18-ാം പേജിൽ*

# ജാഗ്രതയോടെ സാഹചര്യത്തെ അതിജീവിച്ചവൾ



എൽസി തോമസ്, മീൻതുള്ളി, കണ്ണൂർ

**വി:**വേദപുസ്തകത്തിൽ 1 ശമൂവേൽ 25-ാം അദ്ധ്യായം 2-13 വരെയുള്ള വേദഭാഗങ്ങളിൽ നാം ഇങ്ങനെ കാണുന്നു. കർമ്മേലിൽ മാവോന്യനായ ഒരു മഹാധനികൻ ഉണ്ടായിരുന്നു. അവന് നാബാൽ എന്നും അവന്റെ ഭാര്യയ്ക്ക് അബീഗയിൽ എന്നും പേർ. അവൾ നല്ല വിവേകമുള്ളവളും സുന്ദരിയും ആയിരുന്നു. അവനോ നിഷ്ഠുരനും ദുഷ്കർമ്മിയും ആയിരുന്നു. അവൻ കാലേബ് വംശക്കാരൻ ആയിരുന്നു.

തുടർന്നുള്ള പ്രസക്തവേദഭാഗങ്ങളിൽ കൂടി അബീഗയിലിന്റെ രംഗപ്രവേശനത്തിന് കളമൊരുക്കിയ സാഹചര്യങ്ങളും വിവേകമതിയായ അബീഗയിൽ തന്റെ കുടുംബത്തെ നശിപ്പിക്കുവാൻ പുറപ്പെട്ടു വരുന്ന ദാവീദിന്റെ മുമ്പിൽ ജാഗ്രതയോടെ സാഹചര്യങ്ങളെ അതിജീവിച്ച വിധങ്ങളുമാണ് പരാമർശിച്ചിരിക്കുന്നത്.

തിരുവചനത്തിൽ സൗന്ദര്യവതികളായ സ്ത്രീരത്നങ്ങളെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. എന്നാൽ അബീഗയിലിന്റെ വിവേകത്തിനാണ് ഇവിടെ മുൻതൂക്കം നല്കിയിരിക്കുന്നത്. വിവേകം കൊണ്ട് പ്രാണനെ നേടിയ വനിതയാണ് അബീഗയിൽ. ഏതു പ്രശ്നത്തിനു മുമ്പിലും മനസ്സുറച്ച് വിവേകത്തോടുകൂടി തീരുമാനം എടുക്കാൻ കഴിവുള്ളവൾ. 1 ശമൂവേൽ 25ന്റെ 20-30 വരെയുള്ള വാക്യങ്ങളിലൂടെ അബീഗയിലിന്റെ വിവേകം വിവിധ തലങ്ങളിലൂടെ തിരുവചനം പ്രതിപാദിച്ചിരിക്കുന്നു.

**1. ദൈവമുമ്പാകെ :** നിഷ്ഠുരനും ദുഷ്കർമ്മിയുമായ നാബാലിന്റെ ഭാര്യ ആയിരുന്നപ്പോഴും അവൾ ദൈവത്തിൽ ആശ്രയിച്ചു. ദൈവമാണ് എന്നെ ഈ സാഹചര്യത്തിലാക്കിയതെന്നുള്ള വിശ്വാസമാണ് അവളെ ജാഗ്രതയോടെ സാഹചര്യങ്ങളെ നേരിടാൻ പ്രാപ്തയാക്കിയതും.

**2. കുടുംബജീവിതത്തിൽ:** അവളുടെ വിവേകപൂർണ്ണമായ പെരുമാറ്റത്തെക്കുറിച്ച് തിരുവചനത്തിൽ പരാമർശിച്ചിരിക്കുന്നതിങ്ങനെ. നാബാലിൽ നിന്നുണ്ടായ അവിവേകത്തിന് പരിഹാരമുണ്ടാക്കാൻ ദാസന്മാരോടൊപ്പം ദാവീദിനെ കണ്ടിട്ട് തിരികെ വന്നപ്പോൾ നാബാൽ തന്റെ വീട്ടിൽ രാജവിരുന്നുപോലെ ഒരു വിരുന്നു കഴിക്കുന്നതു കണ്ടു. അവന്റെ ഹൃദയം ആനന്ദത്തിലായിരിക്കുന്നതും അവൻ നന്നാലഹരി പിടിച്ചിരിക്കുന്നതും കണ്ടു. അതുകൊണ്ട് അവൾ നേരം വെളുക്കും വരെ ഒന്നും അവനെ അറിയിച്ചില്ല. 1 ശമൂ. 25:36, 37 ൽ വായിക്കുന്നു അവളുടെ വിവേകപൂർണ്ണമായ നീക്കം നാബാലിൽ ഭയവും നടുക്കവും ഉളവാക്കി

**3. ദാസന്മാരുടെ മുമ്പിൽ :** നാബാലിന്റെ പരിഹാസവാക്കുകൾ സഹിക്കുവാൻ കഴിയാതെ ഉഗ്രകോപത്തോട് വരുന്ന ദാവീദിനെ എതിരേല്ക്കുവാൻ പോകുന്ന അബീഗയിൽ ദാസന്മാരോട്: നിങ്ങൾ എനിക്കു മുമ്പായി പോകുവിൻ, ഇതാ ഞാൻ പിന്നാലെ വരുന്നു. ഭോഷനായ നാബാലിനെക്കുറിച്ച് സംസാരിക്കാനവസരം നല്കാതെ മുമ്പേ പറഞ്ഞയയ്ക്കുന്നു.

**4. ദാവീദിന്റെ മുമ്പിൽ :** വെറും കൈയ്യോടല്ല കാഴ്ചകളുമായി ദാവീദിനെ എതിരേറ്റു, ദാവീദിന്റെ മുമ്പിൽ സാഷ്ടാംഗം വീണു നമസ്കരിച്ചു. നാബാലിന്റെ കുറ്റം ഏറ്റുവാങ്ങി, അവന്റെ ഭോഷത്വം ഏറ്റെടുത്തു, അവളുടെ നിരപരാധിത്വം തെളിയിച്ചു, ക്ഷമയ്ക്കായി യാചിച്ചു. ചെയ്യാൻ പോകുന്ന ഭയങ്കര കൃത്യത്തെക്കുറിച്ച് വിവേകപൂർവ്വം ഓർമ്മപ്പെടുത്തി. അവളുടെ

വിവേകപൂർണ്ണമായ പ്രവൃത്തികളും വാക്കുകളും ഏതു ക്രൂരനെയും അലിയിപ്പിക്കുന്ന വിധമായിരുന്നു. വിവേകപൂർണ്ണമായ സംഭാഷണത്തിനൊടുവിൽ ഒരു കാര്യവും കൂടി ശ്രദ്ധയിൽപ്പെടുത്തി. യഹോവ യജമാനന് നന്മ ചെയ്യുമ്പോൾ അടിയനെക്കൂടി ഓർത്തുകൊള്ളേണമേ.

അതിന് മറുപടിയായി ദാവീദ് അബീഗയിലിന് കൊടുക്കുന്ന മറുപടി വളരെ ശ്രദ്ധേയമാണ്. 1 ശമൂ. 25:33 നിന്റെ വിവേകം സ്തുത്യം; രക്തപാതകവും സ്വന്ത കൈയ്യാൽ പ്രതികാരവും ചെയ്യാതവണ്ണം എന്നെ ഇന്നു തടുത്തിരിക്കുന്ന നീയും അനുഗ്രഹിക്കപ്പെട്ടവൾ.

**5. ദാവീദിന്റെ ഭവനത്തിൽ**

(1 ശമൂ. 25:41.) അവളുടെ വിനയത്തെ പ്രദർശിപ്പിക്കുന്നതായി കാണാം.

ഈ ഭാഗങ്ങളിൽ നിന്നെല്ലാം അബീഗയിലിന്റെ യഹോവയിങ്കലെ ഭക്തിയും ന്യായപ്രമാണത്തിലുള്ള പരിജ്ഞാനവും യിസ്രായേലിന്റെ ഭാവി പ്രത്യാശയും വ്യക്തമാകുന്നു. ഇവിടെ അബീഗയിലിന്റെ സ്ത്രീശബ്ദം അനുഗ്രഹിക്കപ്പെട്ടതും, സ്നേഹസാന്ദ്രമായ പെരുമാറ്റവും, ഉൽകൃഷ്ട വിനയവും, അനിതര സാധാരണ ബുദ്ധിയും, സൗഭാഗ്യത്തിന്റെ ഉത്തുംഗ സോപാനത്തിലേക്ക് നയിക്കാൻ കാരണമായി. നാബാൽ എന്ന ഭോഷന്റെ ഭാര്യ ഉൽകൃഷ്ട മാനസനായ ദാവീദിന്റെ സഹധർമ്മിണിയായി.

എന്നാൽ ഈ കാലഘട്ടത്തിൽ ചെറിയ വിഷമങ്ങളുണ്ടാകുമ്പോൾ തന്നെ ഇതികർത്തവ്യഥാ മൂഢരായി കടുംകൈ ചെയ്യുന്നവർ ഏറെയാണ്. അങ്ങനെയുള്ളവരുടെ മുമ്പിൽ തിരുവചനം അബീഗയിലിനെ നിർത്തിയിരിക്കുന്നു.

വിവേകികൾ ഏതു സാഹചര്യത്തിലും സമനില തെറ്റാതെ ശരിയായ തീരുമാനം ശാന്തതയോടും സാവധാനത്തോടും കൂടെയെടുത്ത് മറ്റുള്ളവരുടെ മുമ്പാകെ സമാധാനത്തോടും ഭക്തിയോടും കൂടെ ജീവിക്കുന്നതാണ്. അപ്രതീക്ഷിതമായ ദുഃഖങ്ങളിൽ അങ്ങനെയുള്ളവർ തളർന്നുപോകയോ, പെട്ടെന്നുള്ള ഉയർച്ചയിൽ മതിഭ്രമത്താൽ ഇളകുകയോ, അഹങ്കരിക്കുകയോ ചെയ്യുന്നില്ല.

പ്രിയമുള്ളവരേ, വിവേകം അക്ഷരജ്ഞാനം കൊണ്ട് ലഭിക്കുന്നതല്ല. സദൃ. 9:10 യഹോവാഭക്തി ജ്ഞാനത്തിന്റെ ആരംഭവും പരിശുദ്ധനെക്കുറിച്ചുള്ള പരിജ്ഞാനം വിവേകവുമാകുന്നു. ഈ വിവേകം യേശു കർത്താവിന്റെ പാദത്തിലിരുന്നു പ്രാപിക്കേണ്ടതാണ്. ഈ പരിജ്ഞാനം നിർഭാഗ്യവശാൽ പലരും മറന്നുപോകുന്നു. ഇന്ന് ലോകമനുഷ്യരെ അറിവ് ചീർപ്പിക്കുമ്പോൾ ദൈവമക്കളെക്കുറിച്ച് "യഹോവാ ഭക്തിയാലുള്ള വിവേകം അലങ്കാരമാകേണമെന്ന്" ദൈവം ആഗ്രഹിക്കുന്നത്.

വിവേകം വിളങ്ങി നിന്ന ഭക്തന്മാരെക്കുറിച്ച് തിരുവചനം രേഖപ്പെടുത്തിയിട്ടുണ്ട്. ദാനീയേൽ, യോസേഫ്, 1 രാജ. 3:9ൽ ജ്ഞാനത്തിനും വിവേകത്തിനും വേണ്ടി ശലോമോൻ പ്രാർത്ഥിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. സദൃ. 1:7 യഹോവാഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു. ഭോഷന്മാരോ ജ്ഞാനവും പ്രബോധനവും നിരസിക്കുന്നു. ദൈവ പരിജ്ഞാനത്തിൽ നില്ക്കാൻ ഇഷ്ടമില്ലാത്ത മനുഷ്യനെ നികൃഷ്ട ബുദ്ധിക്ക് ഏല്പിച്ചുകൊടുത്തതായി റോമർ 2:20-30 വരെയുള്ള ഭാഗങ്ങളിൽ കാണാം.

ദൈവജനം എന്നഭിമാനിക്കുമ്പോഴും ക്രൂശിക്കപ്പെടാത്ത ജഡം ഭവനങ്ങളിൽ നേതൃത്ത്വവും, നിയന്ത്രണവും ഏറ്റെടുത്ത് ലോകവും, ലോകമയത്ത്വവും ജഡത്തിന്റെ ബീഭത്സമുഖവും ഇന്ന് ഭവനങ്ങളെ തകർത്തു കൊണ്ടിരിക്കുന്നു. തന്മൂലം വിവാഹമോചനകേസുകൾ ഉയർന്നു.

ഇവിടെ വിദ്യാസമ്പന്നരും, സുരക്ഷിതത്വം നേടിയവരുമായ സ്ത്രീകൾ സമൂഹത്തിന്റെ ഉന്നത ശ്രേണിയിലെത്തിയതോടെ ഭർത്താവിനോടുള്ള ബഹുമാനമോ വിട്ടുവീഴ്ച മനോഭാവമോ വിധേയത്വമോ ഉണ്ടാകുന്നില്ല. എന്നാൽ അധികാരത്തിന്റെ ശ്രേഷ്ഠതയെ മാനിക്കുന്നവളും ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നവളും അധികാരികൾക്കും ഭർത്താവിനും വിധേയപ്പെടുന്ന ദൈവാശ്രയമുള്ള വിവേകമതികളായ സഹോദരിമാരെ സമൂഹത്തിനു ലഭിക്കുവാൻ നിരന്തരം പ്രാർത്ഥിക്കാം.

നാം ഓർക്കുക വിവേകമതിയായ സ്ത്രീകൾ ഭവനത്തിന്റെയും സമൂഹത്തിന്റെയും നാഡീ ഞരമ്പുകളാണ്. എന്നാൽ സ്വഭാവ ശ്രേഷ്ഠതയില്ലാത്ത സ്ത്രീകൾ കുടുംബങ്ങൾക്കും സമൂഹത്തിനും വൻ വിപത്താണ്. എന്നാൽ വിവേകമുള്ള സ്ത്രീകൾക്കു മാത്രമേ ഒരു ഭവനം പണിതെടുക്കുവാൻ സാധിക്കൂ. സദൃ. 14:1. വിവേകമതികളായ സ്ത്രീകളാണ് കുടുംബത്തിലുണ്ടാകുന്ന സമ്മർദ്ദങ്ങളും ആശങ്കകളും ഏറ്റെടുത്ത് ആഘാതം കുറയ്ക്കുന്നത്. അതിന്റെ പ്രധാനകാരണം അവരിലുള്ള ദൈവാശ്രയമാണ്. പ്രതികൂല സാഹചര്യങ്ങളിലും ഭവനത്തിലെ വ്യക്തി ജീവിതങ്ങളെ ഒരു ചരടിലെ മുത്തുമണികൾപോലെ കോർത്തിണക്കി മുമ്പോട്ടു നയിക്കുന്നതുമവരാണ്. സദൃ.31-ൽ വിവേകമതിയായ ഭാര്യ എങ്ങനെയുള്ളവൾ എന്നു രേഖപ്പെടുത്തിയിരിക്കുന്നു. സ്നേഹം വ്യാപരിക്കുന്ന അന്തരീക്ഷം നല്കുന്നവൾ, പ്രാർത്ഥിക്കുന്നവൾ, കഷ്ടപ്പെടുവാൻ മനസ്സുള്ളവൾ, കുറവുകൾ നോക്കി പരിഹരിക്കുന്നവൾ, വീട്ടിലുള്ളവരുടെ പ്രാർത്ഥനാ കുറവുകൾ പരിഹരിക്കുന്നവൾ.

പ്രിയപ്പെട്ടവരേ, നമ്മെയാക്കിയിരിക്കുന്ന സ്ഥാനങ്ങളിൽ നമ്മുടെ ഭവനത്തിനു നേരെ നമ്മുടെ കുഞ്ഞുങ്ങൾക്കുനേരെ, നമ്മുടെ ദൈവാശ്രയത്തിനുനേരെ ദുഷ്ടൻ കൊണ്ടു വരുന്ന പ്രതിസന്ധികളെ ജാഗ്രതയോട് എങ്ങനെ അതിജീവിക്കാം?

**1. വിവേകമുള്ള ഹൃദയങ്ങൾ കൊണ്ട് എങ്ങനെ ഒരു ഭവനം പണിയാം?**

നമുക്ക് ക്രിസ്തുവാകുന്ന പാറമേൽ അടിസ്ഥാനമിട്ട് സന്തോഷമാകുന്ന കട്ടിള വച്ച് സ്നേഹമാകുന്ന കല്ലും ഐക്യമാകുന്ന ചാന്തും ഉപയോഗിച്ച് പണി ആരംഭിക്കാം. മറ്റുള്ളവരോടുള്ള ബഹുമാനമെന്ന ജനലും സമാധാനമാകുന്ന ബെൽറ്റും വാർത്ത് വിശ്വസ്തതയെന്ന കോൺക്രീറ്റ് ചെയ്യാം. ആത്മനിയന്ത്രണമെന്ന ജനൽ ഗ്ലാസുമിട്ട് വിവേകമെന്ന വാതിലും പിടിപ്പിച്ച് പ്രാർത്ഥനയാകുന്ന വൈദ്യുതി നല്കി. അധരയാഗമെന്ന സ്തോത്രവും നന്ദിയും കൊണ്ട് തേപ്പും നടത്തി സൗമ്യതയെന്ന വീട്ടുപകരണങ്ങളാൽ ഭവനത്തെ ക്രമീകരിക്കാം. ഇങ്ങനെയുള്ള ഭവനത്തെ ദുഷ്ടന് തൊടാൻ പറ്റില്ല.

**2. കുഞ്ഞുങ്ങളെ** : സദൃ. 22:6 ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക; മക്കൾക്ക് അതാതു പ്രായങ്ങളിൽ ബുദ്ധി ഉപദേശിച്ചും നല്ല ശിക്ഷയും ശിക്ഷണവും നല്കുക. സുഖസൗകര്യങ്ങൾ ഒരുക്കുമ്പോൾ വേണ്ടതായ സൗകര്യങ്ങളേക്കാൾ ഉപരി അവരുമായി ഹൃദയം തുറന്നുള്ള സംഭാഷണം, സാന്ത്വനം നല്കേണ്ടയിടത്ത് സാന്ത്വനം സ്നേഹത്തിന്റെ പ്രകടനങ്ങൾ, സാമൂഹ്യ ബന്ധങ്ങൾ, കുടുംബബന്ധങ്ങൾ ഉറപ്പിക്കാനുള്ള ഉപദേശങ്ങൾ നല്കി നമ്മോടു ചേർത്ത് നിർത്തുക. കുഞ്ഞുങ്ങളുടെ ഇച്ഛാ ശക്തിക്ക് കരുത്തും സ്ഥിരതയും നല്കുന്നത് അനസ്യൂതം ഒഴുകുന്ന ദൈവകൃപയാണെന്നു തിരിച്ചറിഞ്ഞ് അവരെ ദൈവകൃപയിൽ വളർത്തി ദൈവകരങ്ങളിലേല്പിക്കുക.

**3. നമ്മിലെ ദൈവാശ്രയത്തിനു നേരെ :** വിവേകമതിയായ ഒരു സ്ത്രീയോട് വചനം പറയുന്നു സദൃ. 3:5, 6 പൂർണ്ണഹൃദയത്തോടെ യഹോവയിൽ ആശ്രയിക്ക. സ്വന്ത വിവേകത്തിൽ ഊന്നരുത്. നിന്റെ എല്ലാ വഴികളിലും അവനെ നിനെച്ചു കൊൾക; അവൻ നിന്റെ പാതകളെ നേരെയാക്കും.

"പ്രാർത്ഥനയാലെപ്പോഴും ഞാൻ
ജാഗരിച്ചു പോരാടുവാൻ
നിന്റെ സഹായം നല്കുക
എന്റെ മഹാപുരോഹിതാ"

ഈ ഈരടികൾ എപ്പോഴും നമ്മുടെ അധരങ്ങളിലൂടെ ഒഴുകട്ടെ.

പ്രിയമുള്ളവരേ, നമ്മിൽ പകർന്ന ദൈവിക പരിജ്ഞാനത്തിൽ നിലനിന്നുകൊണ്ട് നമ്മെ ഏല്പിച്ച സമൂഹങ്ങളിൽ കുടുംബങ്ങളിൽ വിവേകമതികളായി ദുഷ്ടന്റെ തന്ത്രങ്ങളെ ജാഗ്രതയോടെ അതിജീവിക്കുവാൻ സർവ്വ കൃപാലുവായ കർത്താവ് നമ്മെ ഓരോരുത്തരെയും ശക്തീകരിക്കയും ബലപ്പെടുത്തുകയും ചെയ്യട്ടെയെന്നുള്ള പ്രാർത്ഥനയോടുകൂടി നിർത്തുന്നു. ❑

# അന്വേഷിപ്പിൻ കണ്ടെത്തും



മഹേശ്വരി പുരന്ദരൻ, കൊടുങ്ങല്ലൂർ

ഭൂമിയുടെ അധോഭാഗത്ത് ഗുപ്തമായി കിടക്കുന്ന നിധിക്കുവേണ്ടി പുറപ്പെട്ടു ജീവിതം നഷ്ടപ്പെട്ടിട്ടുള്ള അനേകം കഥകൾ നാം കേട്ടിട്ടുണ്ട്. അതിൽ പലതും സത്യവും ചിലത് മിഥ്യയുമാണ്. വിലയേറിയ വസ്തുക്കൾ തേടി മനുഷ്യർ പാർപ്പില്ലാത്ത സ്ഥലത്ത് കുഴിച്ച് ഖനികൾ കണ്ടെത്തുന്നു. മനുഷ്യന്റെ കാൽ ചവിട്ടാത്തിടത്തു ഖനിയിലെ കയറിൽ തൂങ്ങി ആടി അവർ പണി എടുക്കുന്നു. ഭൂമിയുടെ അധോഭാഗം തീകൊണ്ടെന്നപോലെ മറിയുന്നു. അതിലെ പാറകൾ നീല രത്നത്തിന്റെ ഉത്ഭവ സ്ഥാനം. മനുഷ്യൻ പാറകളുടെ ഇടയിൽ കൂടി നടകളെ വെട്ടി പർവ്വതങ്ങളെപോലും മറിച്ചിട്ട് നിധി സമ്പാദിക്കുന്നു. മാത്രമല്ല നീരൊഴുക്കുകളെ ചോരാതെവണ്ണം അടച്ചു നിർത്തി ഗുപ്തമായിരിക്കുന്ന പല വിലപിടിപ്പുള്ള വസ്തുക്കളും വെളിച്ചത്തു കൊണ്ടുവരുന്നു. ഇങ്ങനെ മനുഷ്യന്റെ അന്വേഷണത്വരയുടെ ഫലമായി അവൻ പലതും എത്തിപ്പിടിക്കുന്നു. നല്ലതും ചീത്തയുമായ കാര്യങ്ങൾ അവൻ അതിനായി ഉപയോഗിക്കുന്നു. എത്തിപ്പെടാൻ പ്രയാസമായിരിക്കുന്ന പല സ്ഥലങ്ങളിലേക്കും ചെന്നെത്തുന്നു. പേരിനും പ്രശസ്തിക്കും സമ്പത്തു വർദ്ധിപ്പിക്കാനായി ശാസ്ത്ര പുരോഗതി ലക്ഷ്യമാക്കിയും ടെക്നോളജിയുടെ വളർച്ചയ്ക്കായും മനുഷ്യൻ കണ്ടെത്താവുന്നതെല്ലാം അവന്റെ കൈപ്പിടിയിൽ ഒതുക്കുവാൻ വെമ്പൽ കൊള്ളുന്ന ഒരു കാലഘട്ടമാണിത്. ഇങ്ങനെ മനുഷ്യൻ സകലതും സാധിക്കുമെന്ന് അഹങ്കരിക്കുമ്പോൾ വേദപുസ്തകം പറയുന്നു മനുഷ്യനു കണ്ടെത്താൻ കഴിയാത്ത രണ്ടു കാര്യങ്ങൾ ഉണ്ടെന്നു. അതിന്റെ വില മനുഷ്യനു ചിന്തിക്കാവുന്നതിന്നു അപ്പുറമാണ്. ഓഫീർ പൊന്ന്, ഗോമേദകം, നീലരത്നം, പൊന്ന്, സ്ഫടികം, പവിഴം, പളുങ്ക് മാത്രമല്ല കൂശിലെ പുഷ്പരാഗം അതിനോടൊക്കുന്നില്ല. തങ്കം കൊണ്ട് അതിന്റെ വില മതിക്കാവുന്നതല്ല. അതിനോട് മറ്റൊന്നിനും മാറ്റുരയ്ക്കാൻ കഴിയാത്തതും വിലകൊടുത്തു വാങ്ങാൻ കിട്ടാത്തതും ആകാശത്തിലെ പറവകൾക്കു മറഞ്ഞിരിക്കുന്നതും, ഞങ്ങളുടെ ചെവി ഒരു കേൾവി കേട്ടിട്ടുണ്ട് എന്ന് നരകവും മരണവും പറയുന്നു. അതു എന്നിൽ ഇല്ല എന്ന് ആഴി പറയുന്നു. അത് എന്റെ പക്കൽ ഇല്ല എന്നു സമുദ്രം പറയുന്നു. അതു സകല ജാതികളുടെയും കണ്ണുകൾക്ക് മറഞ്ഞിരിക്കുന്നു. എന്നാൽ ദൈവം മാത്രം അതിന്റെ വഴി അറിയുന്നു. അതിന്റെ ഉത്ഭവസ്ഥാനം ദൈവത്തിൽ നിന്നാകുന്നു. ഈ പ്രപഞ്ചത്തിൽ മനുഷ്യൻ വിലയേറിയതായി കാണുന്ന എല്ലാറ്റിനേക്കാളും മഹത്വമേറിയതും മനുഷ്യനെ മനുഷത്വമുള്ളവനാക്കി തീർക്കുന്നതുമായ ജ്ഞാനവും വിവേകവുമാണത്. കർത്താവിനോടുള്ള ഭക്തി തന്നെ ജ്ഞാനം. ദോഷം അകന്നു നടക്കുന്നതു തന്നെ വിവേകം എന്നു ദൈവം മനുഷ്യനോട് അരുളിചെയ്യുന്നു (ഇയ്യോബ് 28).

ഇയ്യോബിന്റെ കൂട്ടുകാർ തന്റെ ഭക്തിയെ ചോദ്യം ചെയ്തു കൊണ്ടിരിക്കുമ്പോൾ ശൂഹ്യനായ ബിൽദാദ് ചില ചോദ്യങ്ങൾ ചോദിക്കുന്നുണ്ട്. മർത്ത്യൻ ദൈവസന്നിധിയിൽ എങ്ങനെ നീതിമാനാകും? സ്ത്രീ പ്രസവിച്ചവൻ എങ്ങനെ നിർമ്മലനാകും? ചന്ദ്രനുപോലും ശോഭയില്ല നക്ഷത്രങ്ങളും

തൃക്കണ്ണിനു ശുദ്ധിയുള്ളതല്ല. പിന്നെ പുഴുവായിരിക്കുന്ന മർത്ത്യരും കൃമിയായിരിക്കുന്ന മനുഷ്യനും എങ്ങനെ? എന്നാൽ ഇയ്യോബ് ദൈവഭക്തിയാൽ ദൈവത്തിൽ നിന്നും ലഭിച്ച ജ്ഞാനത്തോടും വിവേകത്തോടും അതിനെല്ലാം ഉത്തരം കൊടുത്തു.

തന്റെ കഴിഞ്ഞുപോയ നാളുകളിലേക്കു നോക്കി ഇയ്യോബ് നെടുവീർപ്പിട്ടു തന്റെ പണ്ടത്തെ മാസങ്ങളിലെപ്പോലെ ദൈവം എന്നെ കാത്തുപോന്ന നാളുകളെപോലെ ആയെങ്കിൽ കൊള്ളാമായിരുന്നു. ആ നാളുകളിൽ തന്റെ കൂടാരത്തിൽ ദൈവത്തിന്റെ സഖിത്വം ഉണ്ടായിരുന്നു. സർവ്വശക്തൻ എന്നോടുകൂടെ വസിക്കയും തന്റെ മക്കൾ ചുറ്റുമിരുന്ന ആ നാളുകളെ ഓർത്തു. പട്ടണത്തിന്റെ പടിവാതില്ക്കൽ ഞാൻ വിശാല സ്ഥലത്ത് ഇരിക്കുമ്പോൾ യൗവ്വനക്കാർ തന്നെക്കണ്ട് ഒളിക്കും. വൃദ്ധന്മാർ എഴുന്നേറ്റു നില്ക്കും. പ്രഭുക്കന്മാർ സംസാരം നിർത്തി കൈകൊണ്ട് വായ് പൊത്തും, ശ്രേഷ്ഠന്മാരുടെ ശബ്ദം അടങ്ങുന്നതും താൻ കണ്ടിരുന്നു. തന്റെ വായിൽ നിന്നും വീഴുന്ന ലാവണ്യ വാക്കു കേട്ട് അനേക ഹൃദയങ്ങൾ ആശ്വസിച്ചിരുന്നു. എളിയവനെയും അനാഥനെയും തുണയറ്റവനെയും വിടുവിച്ചു. വിധവയുടെ ഹൃദയത്തെ സന്തോഷിപ്പിച്ചു. നീതി തന്റെ ഉടുപ്പായും ന്യായം തന്റെ ഉത്തരീയവും തലപ്പാവും പോലെ ആക്കിയിരുന്നു. താൻ കുരുടനും മുടന്തനും ആശ്വാസമായിരുന്നു. ദരിദ്രന്മാർക്കു താൻ അപ്പനായിരുന്നു. നീതികേടു കണ്ടാൽ  പ്രതികരിച്ചു. മനുഷ്യർ തന്റെ ആലോചന കേൾപ്പാൻ കാത്തിരുന്നു. തന്റെ വാക്കുകൾ അവർക്കു തേൻ പോലെ ആയിരുന്നു. ജനത്തിന്റെ തലവനായി താൻ ദുഃഖിതന്മാരെ ആശ്വസിപ്പിച്ചു, ജനത്തിന്റെ മദ്ധ്യത്തിൽ ഒരു രാജാവിനെപ്പോലെ ആയിരുന്ന കാലം ഇയ്യോബ് ഓർത്തു.

എന്നാൽ ഇയ്യോബിന്റെ കഷ്ടതയിൽ എല്ലാം നഷ്ടപ്പെട്ടപ്പോൾ തനിക്കുണ്ടായ അനുഭവം ഇയ്യോബ് ഇപ്രകാരം പറഞ്ഞു. എന്നിലും പ്രായം കുറഞ്ഞവർ എന്നെ നോക്കി ചിരിക്കുന്നു. അവരുടെ അപ്പന്മാരെ തന്റെ ആട്ടിൻ കൂട്ടത്തിന്റെ നായ്ക്കളോടുകൂടെ ആക്കുവാൻ നിരസിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. ഇപ്പോഴോ ഞാൻ അവരുടെ പാട്ടായിരിക്കുന്നു. അവർക്കു പഴഞ്ചൊല്ലായിരിക്കുന്നു. എന്നെ അവർ അറച്ച് അകന്നു നില്ക്കുന്നു. എന്നെ കണ്ടു തുപ്പുവാൻ ശങ്കിക്കുന്നില്ല. ഇപ്പോൾ എന്റെ പ്രാണൻ എന്റെ ഉള്ളിൽ തൂകിപ്പോകുന്നു. കഷ്ടകാലം എന്നെ പിടിച്ചിരിക്കുന്നു. ഇയ്യോബ് ആശയറ്റവനെപ്പോലെ ദൈവത്തോടു ചോദിക്കുന്നു. എങ്കിലും വീഴുമ്പോൾ കൈനീട്ടുകയില്ലയോ? കഷ്ടകാലം വന്നവനു വേണ്ടി ഞാൻ കരഞ്ഞിട്ടില്ലയോ?

ഞാൻ നന്മയ്ക്കു നോക്കിയിരുന്നപ്പോൾ തിന്മ വന്നു. വെളിച്ചത്തിനായി കാത്തിരുന്നപ്പോൾ ഇരുട്ടു വന്നു. എന്റെ ത്വക്ക് കറുത്തു പൊളിഞ്ഞു വീഴുന്നു എന്റെ അസ്ഥി ഉഷ്ണം കൊണ്ടു കരിഞ്ഞിരിക്കുന്നു. എന്റെ കിന്നരനാദം വിലാപമായും എന്റെ കുഴലൂത്ത് കരച്ചിലായും തീർന്നിരിക്കുന്നു. മരണത്തിലേക്ക് സകല ജീവികളും ചെന്നു ചേരുന്ന വീട്ടിലേക്കും നീ എന്നെ കൊണ്ടുപോകുമെന്ന് ഞാൻ അറിയുന്നു.

എങ്കിലും ഇയ്യോബ് ഒരു ദൃഢനിശ്ചയം എടുക്കുന്നു. അവൻ എന്നെ കൊന്നാലും ഞാൻ അവനെത്തന്നെ കാത്തിരിക്കും; ഞാൻ എന്റെ നടപ്പു അവന്റെ മുമ്പാകെ തെളിയിക്കും (ഇയ്യോബ് 13:15). ഇയ്യോബ് എടുത്ത തീരുമാനം പോലെ തന്റെ ജീവിതത്തിലെ എല്ലാ സാഹചര്യങ്ങളിലും നന്മ തന്നതും തിന്മ തന്നതും ദൈവഹിതമാണെന്നു തിരിച്ചറിഞ്ഞു. രണ്ടിലും ഒരുപോലെ ദൈവത്തെ മഹത്ത്വപ്പെടുത്തി. ദൈവത്തിന്റെ ദാസനായ ഇയ്യോബ് ദൈവത്തെ ത്യജിച്ചു പറയുക എന്നുള്ള പിശാചിന്റെ ലക്ഷ്യം നടന്നില്ല എന്നു മാത്രമല്ല ദൈവത്തിൽ നിന്നും നിഷ്കളങ്കനും നേരുള്ളവനും ദൈവഭക്തനും ദോഷം വിട്ടകന്നവനെന്നും പുകഴ്ച ലഭിക്കുകയും

അവനു നഷ്ടപ്പെട്ടതൊക്കെയും ഇരട്ടിയായി ലഭിച്ചു. ഇയ്യോബ് നൂറ്റിനാല്പതു സംവത്സരം ജീവിച്ചിരുന്നു. അവൻ മക്കളുടെ മക്കളെയും നാലു തലമുറയോളം കണ്ടു. ഇയ്യോബ് വൃദ്ധനും കാല സമ്പൂർണ്ണനുമായി മരിച്ചു (ഇയ്യോബ് 42).

പ്രിയ ദൈവമക്കളെ ഇയ്യോബ് പറഞ്ഞതുപോലെ നഗ്നനായി ഞാൻ വന്നു നഗ്നനായിത്തന്നെ പോകും. ഈ ലോകത്തിലെ അല്പ കാല ജീവിതത്തിൽ നേടിയതൊന്നും നാം കൊണ്ടു പോകുന്നില്ല. ഈ ലോകത്തിലെ പേരിനും പ്രശസ്തിക്കും വേണ്ടി ജീവിക്കാതെ ലോകം മുഴുവനും പ്രതികൂലമായാലും ജീവിതത്തിൽ എന്തെല്ലാം സംഭവിച്ചാലും ദൈവത്തെ തള്ളിപ്പറയാതെ ദൈവത്തെ മഹത്ത്വപ്പെടുത്തി ജീവിക്കണം എന്നതായിരിക്കണം ഒരു ദൈവഭക്തന്റെ ലക്ഷ്യം. അതിനായി സർവ്വശക്തനായ ദൈവം നമുക്ക് എല്ലാവർക്കും കൃപ തരുമാറാകട്ടെ.

ദൈവത്തിന്റെ തിരുനാമം മഹത്ത്വപ്പെടുമാറാകട്ടെ.

❑

## അന്നമ്മ ചാൾസ് ജോൺ റൈറ്റേഴ്സ് അവാർഡ്സ്–2022
## Annamma Charles John Writer’s Awards-2022

**ക്രൈ**സ്തവ വനിതയുടെ സ്ഥാപക എഡിറ്റർ ശ്രീമതി അന്നമ്മ ചാൾസ് ജോണിന്റെ സ്മരണയ്ക്കായി കുടുംബാംഗങ്ങൾ സമാരംഭിച്ച അവാർഡ് ആണിത്. ക്രൈസ്തവ വനിതയിൽ ഒരു വർഷം പ്രസിദ്ധപ്പെടുത്തുന്ന ലേഖനങ്ങളിൽ പുതിയ വനിതാ എഴുത്തുകാർ എഴുതിയ ഏറ്റവും നല്ല ലേഖനത്തിന്റെ ഉടമയ്ക്കാണു അവാർഡ് നല്കുക. ക്രൈസ്തവ വനിതയുടെ എഡിറ്റോറിയൽ ബോർഡ്, ഗുഡ്ന്യൂസ് മിനിസ്ട്രീസിന്റെ പേട്രൺ എന്നിവരടങ്ങിയ പാനൽ ആയിരിക്കും അവാർഡു ലഭിക്കേണ്ട ലേഖനകർത്രിയെ തിരഞ്ഞെടുക്കുക.

ഒരു പ്രശംസാ പത്രവും പതിനായിരം രൂപയുമാണ് അവാർഡ്. ഒരു ‘റണ്ണർ അപ്’ അവാർഡ്, പ്രശംസാ പത്രവും അയ്യായിരം രൂപയും പ്രോത്സാഹന സമ്മാനമായും നല്കുന്നതാണ്. ക്രൈസ്തവ സാഹിത്യരംഗത്ത് ഈടുറ്റ ലേഖനങ്ങൾ രചിക്കുന്ന ‘പുതുമുഖ’ങ്ങളെ പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ അവാർഡുകൾ ലക്ഷ്യമാക്കുന്നത്.

**പത്രാധിപർ**

### Quest -79 -ലെ ശരി ഉത്തരങ്ങൾ അയച്ചവർ

1. ഗ്രേസ് ശാമുവേൽ, ഓമല്ലൂർ, പത്തനംതിട്ട
2. അന്നമ്മ എബ്രഹാം, പെരുമാന്നൂർ, കൊച്ചി
3. മോളിക്കുട്ടി ചാക്കോ, പടിയോട്ടുചാൽ, കണ്ണൂർ
4. എൽസി തോമസ്സ്, മീൻതുള്ളി, കണ്ണൂർ
5. ജോളി എബ്രഹാം, കാട്ടുമുണ്ട, മലപ്പുറം
6. സി.എം. മാമ്മൻ, അണുശക്തി നഗർ, മുംബൈ
7. സൂസമ്മ എബ്രഹാം, പാമ്പാടി, കോട്ടയം
8. ലക്ഷ്മി ഷെം ജോസഫ്, അഞ്ചുതെങ്ങ്.
9. ഷേബ ജസ്റ്റിൻ, കടയ്ക്കാവൂർ, തിരുവനന്തപുരം
10. ലീല കെ.വി., പുളിക്കൽ കവല, കോട്ടയം

*Quest 79 ന്റെ ഉത്തരങ്ങൾ അയച്ച ഏവർക്കും നന്ദി. വിജയികൾക്കു ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.*

# ഹാഗാരേ നീ എവിടെ നിന്നു വരുന്നു?



ജോർജ് ജോൺ, തിരുവനന്തപുരം

"പിന്നെ യഹോവയുടെ ദൂതൻ മരുഭൂമിയിൽ ഒരു നീരുറവിന്നരികെ, ശൂരിനു പോകുന്ന വഴിയിലെ നീരുറവിന്റെ അരികെ വെച്ചുതന്നേ അവളെ കണ്ടു. സാറായിയുടെ ദാസിയായ ഹാഗാരേ, നീ എവിടെ നിന്നു വരുന്നു? എങ്ങോട്ടു പോകുന്നു എന്നു ചോദിച്ചു" (ഉൽപ. 16:7, 8).

യിസ്രായേല്യ ഗോത്രപിതാവായ അബ്രാഹാമിന്റെ ഭാര്യ സാറായി എന്ന സാറയുടെ മിസ്രയീമ്യ ദാസിയായ ഹാഗാർ അബ്രാഹാമിനാൽ ഗർഭിണിയാവുകയും ഏതൊരു വ്യക്തിയുടെ താൽപര്യപ്രകാരമാണോ അബ്രാഹാം ഹാഗാറിനെ പരിഗ്രഹിച്ചത്, സാറയെന്ന അതേ വ്യക്തിയുടെ നിർബ്ബന്ധത്തിനു വശംവദനായി അവൾക്കു ബോധിച്ചതുപോലെ പ്രവർത്തിക്കുന്നതിനുവേണ്ടി ഹാഗാറിനെ അബ്രാഹാം വിട്ടുകൊടുക്കയും ചെയ്ത ചരിത്രവും അതിനോടനുബന്ധിച്ച കാര്യങ്ങളും ഉൽപത്തി 16, 21 അദ്ധ്യായങ്ങളിൽ നാം വായിക്കുന്നു. അബ്രാഹാമും സാറയും വാർദ്ധക്യ ദശയിലെത്തിയിട്ടും അവർക്കൊരു സന്തതി ജനിച്ചില്ല എന്ന കുറവ് പരിഹരിക്കാൻ സാറ കണ്ടുപിടിച്ച കുറുക്കു വഴിയായിരുന്നു യൗവ്വനയുക്തയായ മിസ്രയീമ്യ ദാസിയെ അബ്രാഹാം പരിഗ്രഹിക്കുക എന്നുള്ളത്. കേവലം ഒരു ദാസിയായിരുന്ന ഹാഗാർ, യജമാനത്തിയുടെ അറിവോടും സമ്മതത്തോടുംകൂടെ യജമാനത്തിയുടെ ഭർത്താവിനാൽ ഗർഭിണിയായതോടുകൂടെ ഹാഗാറിന്റെ ദാസ്യാവസ്ഥക്ക് വലിയ ഒരന്തരമാണുണ്ടായത്. അപ്പോഴാണ് സാറയ്ക്ക്, തന്റെ പ്രേരണമൂലം സ്വഭർത്താവ് ചെയ്ത കൃത്യത്തിന്റെ പരിണതഫലത്തെക്കുറിച്ചുള്ള അവബോധം ഉണ്ടാകുന്നതും തന്മൂലം അവൾക്കുണ്ടായ പ്രതികൂല ചിന്തകൾ ഹാഗാറിനോടുള്ള ക്രൂര പ്രവൃത്തികളായി പ്രത്യക്ഷപ്പെട്ടു തുടങ്ങിയതും, സാറ അവളോട് "കാഠിന്യം തുടങ്ങി" എന്നാണെഴുതിയിരിക്കുന്നത്. അടിമകളായ ദാസീദാസന്മാരെ കൊല്ലുന്നതിനുപോലും യജമാനന്മാർക്ക് അവകാശമുണ്ടായിരുന്ന അക്കാലത്ത്, സ്വയം കൃതാനർത്ഥം മൂലം പ്രതിയോഗിയായിത്തീർന്ന ദാസിയോട് എന്തെല്ലാം കഠിനകൃത്യങ്ങൾ യജമാനത്തിയായ സാറ ചെയ്തിരിക്കാമെന്നുള്ളത് അനുവാചകർക്ക് ചിന്തിക്കാവുന്നതാണ്. ഉറ്റവരും ഉടയവരുമില്ലാത്ത ആ സാധു യുവതി ആരോടാണ് അവളുടെ സങ്കടം ഉണർത്തിക്കേണ്ടത്? യജമാനത്തിയുടെ കഠിന പ്രവൃത്തികൾ സഹിച്ചുകൊണ്ട് ഇനിയും ഒരു നിമിഷം പോലും അവരോടുകൂടെ താമസിക്കാൻ സാധിക്കയില്ലെന്ന് ബോധ്യമായപ്പോൾ ആണ് ഹാഗാർ മിസ്രയീമിലേക്ക് മടങ്ങിപ്പോകാൻ തീരുമാനിച്ചത്. എന്നാൽ നിർജ്ജനമായ ഒരു മരുപ്രദേശത്തിലൂടെ ബഹുദൂരം താണ്ടിയിട്ടു മാത്രമേ അവൾക്ക് ജന്മനാട്ടിൽ ചെന്നെത്തുവാൻ സാധിക്കുമായിരുന്നുള്ളൂ. ഇത്തരുണത്തിൽ 2020 മാർച്ച്-ഏപ്രിൽ മാസങ്ങളിൽ കോവിഡ് വ്യാപനം മൂലം രാജ്യവ്യാപകമായ തൊഴിൽ മാന്ദ്യം ഉണ്ടായപ്പോൾ ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും അന്യ സംസ്ഥാന തൊഴിലാളികൾ അവരവരുടെ സ്വന്തഗ്രാമങ്ങളിലെത്തിച്ചേരുന്നതിനുവേണ്ടി നടത്തിയ പ്രയാണങ്ങളെക്കുറിച്ചോർത്തു പോവുകയാണ്. ദീർഘദൂരയാത്രയ്ക്കുള്ള വാഹനങ്ങളൊന്നും

തന്നെ ലഭ്യമല്ലാതിരുന്ന സാഹചര്യത്തിൽ ആയിരക്കണക്കിനു കിലോമീറ്ററുകൾ അകലെയുള്ള സ്വന്ത ഗ്രാമങ്ങളിലെത്തിച്ചേരുന്നതിനാഗ്രഹിച്ച് അനേകം സാധുമനുഷ്യർ കാൽനടയായി യാത്രയാരംഭിക്കയും വളരെപ്പേർ മാർഗ്ഗമദ്ധ്യേ അകാല മൃത്യുവിനിരയാകയും ചെയ്തതായി വാർത്താ മാദ്ധ്യമങ്ങളിൽ കൂടെ അറിയുകയുണ്ടായി. ഒരു പക്ഷേ ഇതു തന്നെയായിരിക്കും ഹാഗാറിനും സംഭവിക്കാമായിരുന്നത്. എന്നാൽ അവളെക്കുറിച്ചുള്ള ദൈവോദ്ദേശ്യം തികച്ചും വ്യത്യസ്തമായിരുന്നു.

യഹോവയുടെ ദൂതൻ ഹാഗാരിനെ നേരിടുന്നത് ശൂരിനു പോകുന്ന വഴിയരികെയുള്ള ഒരു നീരുറവിങ്കൽവച്ചായിരുന്നു. അബ്രാഹാം പാർത്തിരുന്ന ഹെബ്രോനിലെ മമ്രേയുടെ തോപ്പിൽ നിന്നും അനേക നാഴികകൾ ദൂരെയുള്ള മിസ്രയീമിന്റെ കിഴക്കേ അതിർത്തിയോടു ചേർന്നിരുന്ന ഒരു അറേബ്യൻ പട്ടണമായിരുന്നു ശൂർ. ഹെബ്രോനിൽ നിന്നും മിസ്രയീമിലേക്ക് അറേബ്യൻ മണലാരണ്യത്തിൽ കൂടെയുള്ള തന്റെ യാത്രയിൽ ഗണ്യമായ ഒരു ദൂരം അവൾ പിന്നിട്ടിരിക്കണം. വിശപ്പും ദാഹവും യാത്രക്ലേശവും കൊണ്ട് തികച്ചും അവശയായ ഹാഗാർ എന്ന ഗർഭിണിയെ യഹോവയുടെ ദൂതൻ നേരിട്ടത് തക്ക സമയത്ത് തന്നെ ആയിരിക്കണം. "സാറായിയുടെ ദാസിയായ ഹാഗാറേ" എന്നു സംബോധന ചെയ്തുകൊണ്ടാണ് "നീ എവിടെ നിന്നു വരുന്നു?" "എങ്ങോട്ടു പോകുന്നു?" എന്നിത്യാദി ചോദ്യങ്ങൾ ദൈവദൂതൻ ചോദിക്കുന്നത്. ഈ ചോദ്യങ്ങളുടെ ഉത്തരം ദൈവദൂതന് നന്നായി അറിയാമായിരുന്നെങ്കിലും അവയുടെ ഉദ്ദേശ്യം താൻ ആരാണെന്നും ഇപ്പോൾ എന്താണ് ചെയ്തുകൊണ്ടിരിക്കുന്നതെന്നുമുള്ള ചിന്തകൾ അവളിലുളവാക്കുന്നതിനും തുടർന്നുള്ള നിർദ്ദേശങ്ങൾ യാതൊരു വൈമുഖ്യവും കൂടാതെ അനുസരിക്കുന്നതിനുള്ള മനോഭാവം അവളിൽ ഉളവാക്കുന്നതിനും വേണ്ടിയായിരുന്നു എന്നുള്ളതിൽ സന്ദേഹമില്ല. യഹോവയുടെ ദൂതന്റെ തുടർന്നുള്ള വാക്കുകൾ ഹാഗാറിനെ വളരെ ധൈര്യപ്പെടുത്തുകയും അവളിൽ ഒരു നവോന്മേഷം പകരുകയും ചെയ്തു. ചോദിക്കാനും പറയാനും ആരുമില്ലാത്തവളായ തനിക്ക് യജമാനത്തിയിൽ നിന്നും അനുഭവിക്കേണ്ടിവന്ന അതികഠിനമായ ക്രൂരതയും, ഒരിക്കൽ തന്നെ ഭാര്യാപദത്തിലേക്കുയർത്തി സ്നേഹിച്ച അതേ യജമാനനിൽ നിന്നും അനുഭവിക്കേണ്ടിവന്ന തീവ്രമായ അവഗണനയും മൂലം മനസ്സും ശരീരവും തളർന്ന്, മരണത്തെപ്പോലും അഭിമുഖീകരിക്കുന്നതിനു തയ്യാറായി മരുഭൂമിയിലേക്ക് ഇറങ്ങിയോടിയ ഹാഗാറിനെ കൈവിടാത്തവനായ ഒരു യഹോവയുടെ സാന്നിദ്ധ്യം അവൾക്കനുഭവപ്പെട്ടു. താൻ ഉദരത്തിൽ വഹിച്ചിരുന്ന പൈതലിനെക്കുറിച്ചുള്ള പ്രവചനവും "എണ്ണിക്കൂടാതവണ്ണം പെരുപ്പമുള്ള" ഒരു ജാതി അവളിൽ നിന്നും ഉത്ഭവിക്കുമെന്നുള്ള വാഗ്ദത്തവും അവളുടെ ജീവിതത്തിൽ പുതിയ ഒരു പ്രത്യാശ പ്രദാനം ചെയ്തു. ആ പ്രത്യാശയുടെ ബഹിർസ്പുരണമാണ് "ദൈവമേ നീ എന്നെ കാണുന്നു" എന്ന് ഉദ്ഘോഷിക്കുന്നതിന് അവളെ പ്രാപ്തയാക്കിയത്.

യജമാനത്തിയുടെ അടുക്കലേക്ക് മടങ്ങിപ്പോയി അവൾക്ക് കീഴ്പെട്ടിരിക്കാൻ യഹോവയുടെ ദൂതൻ നല്കിയ നിർദ്ദേശത്തെ അക്ഷരം പ്രതി പാലിക്കുന്ന ഒരു ഹാഗാരിനെയാണ് പിന്നീട് നാം കാണുന്നത്. അവളുടെ ഗർഭകാലം തികഞ്ഞപ്പോൾ അവൾ പ്രസവിച്ച മകനെ അബ്രാഹാം തന്റെ സന്തതിയായി സ്വീകരിക്കയും യിശ്മായേൽ (ദൈവം കേൾക്കുന്നു) എന്ന് നാമകരണം ചെയ്യുകയും ചെയ്തു. എന്നാൽ വാഗ്ദത്ത സന്തതിയായി ആ മകൻ സ്വീകരിക്കപ്പെട്ടില്ല എന്ന് പിന്നീടുള്ള സംഭവങ്ങൾ തെളിയിക്കുന്നു, "കൃപ"യുടെ പര്യായമായ സാറയുടെ കൃപയില്ലായ്മ മൂലം അബ്രാഹാം ഹാഗാറിനെയും പൈതലിനെയും ഏതാനും വർഷങ്ങൾക്കുശേഷം ബഹിഷ്കരിക്കുകയാണ് ചെയ്തത്. വാഗ്ദത്ത സന്തതിയും ദാസിയുടെ മകനും ഒരേ ഭവനത്തിൽ വളർന്നാൽ ഭാവിയിലുണ്ടാകാവുന്ന

സംഘർഷം കണക്കിലെടുത്തു കൊണ്ടായിരിക്കാം സാറയുടെ ഇംഗിതമനുസരിച്ച് പ്രവർത്തിച്ചുകൊള്ളാനുള്ള അനുവാദം ദൈവം അബ്രാഹാമിന് നല്കിയത്. മാത്രമല്ല, യിശ്മായേലിനെക്കുറിച്ചുള്ള ദൈവിക കാര്യപരിപാടി നിറവേറപ്പെടേണ്ടതിന് ഹാഗാറിന് തന്റെ ജന്മനാട്ടിലേക്കുള്ള മടക്കയാത്ര അനിവാര്യമായിരുന്നുതാനും.

ഹാഗാറിന്റെ മടങ്ങിപ്പോക്ക് അത്ര സുഗമമായിരുന്നില്ല, വിശപ്പും ദാഹവും മരുഭൂമിയിലെ ഉഷ്ണക്കാറ്റും മൂലം ഏതാണ്ട് മൃതപ്രായനായ മകനെ ഒരു കുറ്റിക്കാടിന്റെ തണലിൽ കിടത്തിയിട്ട് ബേർശേബാ മരുഭൂമിയിൽ ഉഴന്നു നടക്കുന്ന ഒരു ഹാഗാറിനെയാണ് നാം പിന്നീട് കാണുന്നത്. എന്നാൽ "ഹാഗാറേ നിനക്ക് എന്ത്? നീ ഭയപ്പെടേണ്ടാ" എന്ന ദിവ്യ സന്ദേശം അവളുടെ ജീവിതത്തിൽ വീണ്ടും നവോന്മേഷം പകർന്നു, "ദൈവം ബാലനോടുകൂടെ ഉണ്ടായിരുന്നു" എന്ന വചനം ശ്രദ്ധിക്കുക, ഹാഗാറിന്റെ മിസ്രയീമിലേക്കുള്ള മടങ്ങിപ്പോക്കും തന്റെ ജന്മനാട്ടിൽ നിന്നുതന്നെ ഒരു കന്യകയെ യിശ്മായേലിന് ഭാര്യയായി കൊടുത്ത് ഒരു പുതിയ ജനതയുടെ ഉത്ഭവത്തിന് നാന്ദി കുറിക്കയും ചെയ്തത് "ഞാൻ അവനെ വലിയൊരു ജാതിയാക്കും" എന്നുള്ള ദൈവിക വാഗ്ദത്തം നിറവേറപ്പെടുന്നതിന് മുഖാന്തരമായി ഭവിച്ചു.

ഹാഗാറിനെക്കുറിച്ച് പിന്നീട് ഒന്നും തന്നെ നാം കേൾക്കുന്നില്ല. എന്നാൽ മരുഭൂമിയിൽ വളർന്ന ബാലൻ അതി സമർത്ഥനായ ഒരു വില്ലാളി വീരനായിത്തീരുകയും പരാക്രമശാലികളായ പന്ത്രണ്ട് ആൺ മക്കൾക്ക് ജന്മം നല്കുകയും ചെയ്തു, അവരിൽ നിന്നും ഉത്ഭവിച്ച "ബദൂയിൻ" (Bedouin ) എന്ന നാടോടി വർഗ്ഗം അറേബ്യൻ ഭൂവിഭാഗത്തിന്റെ വടക്കും പടിഞ്ഞാറുമുള്ള പ്രദേശങ്ങളിൽ വാസമുറപ്പിക്കുകയും ചെയ്തു. ഇവരുടെ പിൻഗാമികളാണ് ഇന്ന് ലോക സമ്പദ്‌വ്യവസ്ഥയെത്തന്നെ തകിടം മറിക്കുന്നതിനു പര്യാപ്തമായ പെട്രോളിയം എന്ന അമൂല്യ നിക്ഷേപത്തിന്റെ അവകാശികളായ മദ്ധ്യപൂർവ്വ രാജ്യങ്ങളിലെ അറേബ്യൻ ജനത.

ആരോരുമില്ലാത്ത ഒരു മിസ്രയീമ്യ ദാസിക്കുപോലും യഹോവയായ ദൈവം നല്കിയ വാഗ്ദത്തം അക്ഷരം പ്രതി നിറവേറപ്പെടുകയുണ്ടായി. വാക്കുമാറാത്തവനായ ദൈവം എത്ര വിശ്വസ്തൻ! ആ ദൈവത്തിന്റെ വിലയേറിയ നാമം വാഴ്ത്തപ്പെടുമാറാകട്ടെ.

❑

---

*പേജ് 9 ന്റെ തുടർച്ച (മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല)*

ക്കുവാൻ ദൈവ വിരോധിയായ സാത്താൻ എത്ര ശ്രമിച്ചാലും സാധിക്കുകയില്ല. അങ്ങനെയാണ് ദൈവം അവരെ യോജിപ്പിച്ചത്. "ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത്" (മത്തായി 19:4,5,6). ഭാര്യാഭർത്താക്കന്മാർ പരസ്പര സ്നേഹത്തിലും ബഹുമാനത്തിലും, ഭാര്യാഭർത്ത്യബന്ധത്തിന്റെ ഐക്യം കാത്തുസൂക്ഷിക്കുകയും നീതിയും അനുസരണവുമുള്ള ജീവിതം ഘടകമായ സന്തോഷം ക്രൈസ്തവ കുടുംബത്തിൽ ഉണ്ടായിരിക്കണം. ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധത്തിന്റെയും സ്നേഹത്തിന്റെയും മാതൃകയാണ് ക്രൈസ്തവ കുടുംബത്തിന്നു വേണ്ടത്. ഇപ്പോൾ ഗവണ്മെന്റ് നിയമം പാസ്സാക്കിയിരിക്കുന്നത് യുവതീയുവാക്കന്മാർക്ക് ഇഷ്ടമുള്ളവന്റെ കൂടെ ജീവിക്കാം, താമസിക്കാം, വിവാഹബന്ധത്തിൽ ഏർപ്പെടാം. എന്നാൽ ഇത് താല്ക്കാലിക സന്തോഷത്തിനു വേണ്ടി മാത്രം. പിന്നിട് ഒന്നുകിൽ വേർപിരിയും അല്ലെങ്കിൽ ആത്മഹത്യയിൽ അവസാനിക്കും. പ്രിയമുള്ളവരേ, ഇങ്ങനെ നമ്മുടെ ഇടയിൽ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കാം. നമ്മുടെ കുഞ്ഞുങ്ങൾക്ക് തക്ക തുണയെ കണ്ടുപിടിച്ചു വിവാഹം നടത്തിക്കൊടുക്കുക. ദൈവം കൃപ ചെയ്യട്ടെ.

❑

# കുടുംബ ജീവിത വെല്ലുവിളികൾ

ഡോ. ഉമ്മൻ ഫിലിപ്പ്, ടൊറന്റോ, കാനഡ



**കുടുംബജീവിതത്തിനുള്ള അടിസ്ഥാന പ്രമാണങ്ങൾ**

സന്തോഷത്തിലും ഉത്സാഹത്തിമർപ്പിലും ആരംഭിക്കുന്ന ക്രിസ്തീയ കുടുംബ ജീവിതങ്ങൾ എങ്ങനെയാണ് കലുഷിതമാകുന്നത് എന്നത് ചിന്തനീയമാണ്. കാലുഷ്യത്തിലേക്ക് കുടുംബജീവിതത്തെ തള്ളിവിടുന്ന പ്രേരകശക്തികൾ ഏതൊക്കെയാകാൻ സാധ്യതയുണ്ട് എന്നു നാം അറിഞ്ഞിരിക്കണം. എങ്കിൽ മാത്രമേ ഈ പ്രതിലോമ ശക്തികളെ സൂക്ഷിച്ചൊഴിഞ്ഞിരിക്കാനും എതിർത്തു തോല്പിക്കാനും ദമ്പതികൾക്ക് സാധിക്കുകയുള്ളു. അപ്പോൾ പ്രശ്നങ്ങൾ തലപൊക്കുമ്പോഴേക്ക് അവയെ കടപുഴക്കി എറിയുവാനും ദാമ്പത്യ ബന്ധം കൂടുതൽ ദൃഢതരമാക്കുവാനും ദമ്പതികൾക്കു സാധിക്കും. അതിന് ദൈവാത്മശക്തി അത്യന്താപേക്ഷിതമാണ്. കുറവുകൾ കണ്ട് അനുതപിക്കാനും ഏറ്റു പറയുവാനും അങ്ങനെ ക്രിസ്തീയ ദമ്പതികൾക്ക് സാധിതപ്രായമാകും. അതായത് തങ്ങളുടെ കുറവുകൾ മൂലം ദൈവാത്മാവിനെ ദുഃഖിപ്പിക്കാതെയും കെടുത്തുകളയാതെയും തുടർമാനമായ മാനസാന്തരത്തിൽ ജീവിക്കുവാൻ ദമ്പതികൾ മനസ്സുവെയ്ക്കേണ്ടിയിരിക്കുന്നു. അങ്ങനെയായാൽ ദുഷ്ട ശക്തിയിൽ നിന്നും കുടുംബ ജീവിതത്തെ രക്ഷിക്കുവാൻ ദൈവം നമ്മെ സഹായിക്കും.

**ഡോ. ഉമ്മൻ ഫിലിപ്പ് എഴുതിയ "സന്തുഷ്ട ക്രിസ്തീയ കുടുംബം" എന്ന പുസ്തകത്തിൽ നിന്നും**

കുടുംബജീവിതത്തിലുണ്ടാകാൻ സാധ്യതയുള്ള കാലുഷ്യങ്ങളെ നേരിടുന്നതിന് ആഗ്രഹിക്കുന്ന ഏതൊരു ദമ്പതിയും തങ്ങളുടെ കുടുംബജീവിതത്തിന്റെ അടിസ്ഥാനമായിരിക്കേണ്ട ദൈവവചന പ്രമാണങ്ങളെ വ്യക്തമായി മനസ്സിലാക്കിയിരിക്കണം. ഈ പ്രമാണങ്ങൾ ജീവിതത്തിൽ എത്രത്തോളം പാലിക്കപ്പെടുന്നുണ്ട് എന്നു നിരന്തരമായി അവലോകനം ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. എന്തൊക്കെയാണ് ഈ അടിസ്ഥാന പ്രമാണങ്ങൾ?

**പത്തു കുടുംബജീവിത പ്രമാണങ്ങൾ**

1. **മറ്റു ബന്ധങ്ങളോടുള്ള മനഃപൂർവ്വമായ വിട്ടുപിരിയൽ (Leaving) :**
   (സങ്കീർത്തനം 45:10,11; ഉത്പത്തി 2:24; മത്തായി 19:5; എഫെസ്യർ 5:31.)

ജീവിതത്തിലെ മറ്റെല്ലാ ബന്ധങ്ങളെക്കാളും (മാതാപിതാക്കൾ, സഹോദരങ്ങൾ, ബന്ധുക്കൾ, സുഹൃത്തുക്കൾ തുടങ്ങിയവ) വിഭിന്നവും ഉന്നതവുമായി ദാമ്പത്യബന്ധം ശക്തമായി നിലനില്ക്കാൻ ഈ വിട്ടുപിരിയൽ അത്യന്താപേക്ഷിതമാണ്. എന്നാൽ ഇത് മറ്റു ബന്ധങ്ങളിൽ നിന്നുള്ള സ്ഥിരമായ വേർപെടലോ ബന്ധവിച്ഛേദനമോ അല്ല. മറ്റു ബന്ധങ്ങളോടുള്ള കടപ്പാടും ഉത്തരവാദിത്തവും നിറവേറ്റുന്നതിനോടൊപ്പം, അതിനെക്കാൾ ഉദാത്തമായ നിലവാരത്തിലുള്ളതാണ് ദാമ്പത്യബന്ധം. ദമ്പതികൾ ഈ സത്യം മനസ്സിലാക്കി അതിനെ പ്രായോഗികതലത്തിൽ പാലിക്കപ്പെടാൻ ബദ്ധശ്രദ്ധരായിരിക്കേണ്ടതാണ്. ബന്ധുമിത്രാദികൾ ഈ സത്യത്തിനനുസരിച്ച് ജീവിക്കാൻ ദമ്പതികളെ അനുവദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്.

2. **പറ്റിച്ചേരൽ (Cleaving):** എഫെസ്യർ 5:31

യാതൊരു ശക്തിക്കും വേർപെടുത്താൻ

കഴിയാത്തവിധം തമ്മിൽ ഒട്ടിച്ചേർന്നിരിക്കേണ്ട ബന്ധമാണ് ദാമ്പത്യബന്ധം. സ്നേഹം, സമർപ്പണം, സൗഹൃദം, കടപ്പാട്, ബഹുമാനം, കരുതൽ തുടങ്ങിയവയാലാണ് ഈ പറ്റിച്ചേരൽ സാധിതപ്രായമായിത്തീരുന്നത്. മാത്രമല്ല, ശരിയായ വിട്ടുപിരിയൽ ശരിയായ പറ്റിച്ചേരലിന് അവശ്യം ഉണ്ടായിരിക്കേണ്ട ഉപാധിയുമാണ്. ഒരു നാണയത്തിന്റെ രണ്ടു വശങ്ങൾപോലെ വിട്ടുപിരിയലും പറ്റിച്ചേരലും ദാമ്പത്യ ജീവിതത്തിൽ യാഥാർത്ഥ്യമായിരിക്കേണ്ടതുമാണ്. ഈ രണ്ടു അടിസ്ഥാനപ്രമാണങ്ങളും പാലിച്ചാൽ മാത്രമെ ക്രിസ്തീയ ദാമ്പത്യബന്ധം അതിനെക്കുറിച്ച് ദൈവവചനം വിഭാവനം ചെയ്തിരിക്കുന്ന നിലവാരത്തിലേക്ക് ഉയരുകയുള്ളൂ. മാനസികവും ശാരീരികവും ബൗദ്ധികവും ആത്മീയവുമായ മേഖലകളിൽ ദമ്പതികൾ പറ്റിച്ചേർന്ന് ഒന്നായിത്തീരണം എന്ന് ദൈവവചനം നമ്മെ ഉദ്ബോധിപ്പിച്ചിരിക്കുന്നു.

### 3. കലവറകൂടാതെയുള്ള പരസ്പരസ്നേഹം (Love without reservation) :

അവാച്യവും അനിതര സാധാരണവുമായ പരസ്പര സ്നേഹത്താൽ ദമ്പതികൾ അന്യോന്യം സ്നേഹിക്കുകയും സ്നേഹിക്കപ്പെടുകയും ചെയ്യണം. ഈ സ്നേഹബന്ധത്തെ "ക്രിസ്തുവും സഭയും" തമ്മിലുള്ള സ്നേഹത്തിന്റെ മാതൃകയായിട്ടാണ് വേദപുസ്തകം വർണ്ണിച്ചിരിക്കുന്നത് (എഫെ. 5:22). ക്രിസ്തുവിന് സഭയോടുള്ള സ്നേഹത്തിന്റെ ആഴം അളക്കുവാൻ അസാദ്ധ്യമായിരിക്കുന്നതുപോലെയാണ് ദാമ്പത്യ ജീവിതത്തിലെ സ്നേഹവും ആയിരിക്കേണ്ടത്. ഈ സ്നേഹം ദമ്പതികൾ 'തന്നെത്താൻ' സ്നേഹിക്കുന്നതുപോലെയുള്ളതും അതിൽ തന്നെ ദിവസേന പുതുക്കം പ്രാപിച്ചു വളരേണ്ടതുമായ പരസ്പരസ്നേഹമാണ്. ഇത് ദൈവസ്നേഹത്തിലും പരിശുദ്ധാത്മശക്തിയിലും അടിസ്ഥാനപ്പെട്ടിരിക്കേണ്ട സ്നേഹമാണ്. ഇത് നിർവ്വചനാതീതവും ആഴമേറിയതും സീമകളില്ലാത്തതുമായ സ്നേഹമാണ്. ആത്മനിറവിന്റെ ഫലമായി ഈ സ്നേഹം ദൈവമക്കളായ ദമ്പതികളിൽ നിറഞ്ഞു വരികയും അവരുടെ സന്തതിപരമ്പരകളും ഈ സ്നേഹസാഗരത്തിൽ നിന്നും കുടിക്കുവാൻ സാധിക്കുന്നതുമായ ദിവ്യ അനുഭവമായിരിക്കാനാണ് ദൈവാത്മാവ് ആഗ്രഹിക്കുന്നത് (എഫെസ്യർ 5:32, ഗലാത്യർ 5:22,23). ഈ സ്നേഹം തന്നെത്താൻ പങ്കാളിക്കായി കൊടുക്കുന്നതും പ്രദർശനത്താൽ പങ്കാളിക്ക് അനുഭവിച്ചറിയുവാൻ സാധിക്കുന്നതുമായ സ്നേഹമാണ്. ഈ സ്നേഹത്തിന്റെ ഏറ്റക്കുറച്ചിലുകൾ തുടർമാനമായി അവലോകനം ചെയ്തു അതിൽ പുതുക്കം പ്രാപിച്ച് ക്രിസ്തീയ ദമ്പതികൾ ജീവിക്കേണ്ടിയിരിക്കുന്നു.

### 4. മനഃപൂർവ്വമായ പരസ്പര കരുതൽ (Purposeful mutual care) :

കലവറ കൂടാതെയുള്ള പരസ്പര സ്നേഹത്തിൽ നിന്നും ഉതിർന്നുവരുന്നതാണ് മനഃപൂർവ്വമായ പരസ്പര കരുതൽ. ദൈവം സമ്മാനമായി തന്നിരിക്കുന്ന അമൂല്യനിധിയായ ഈ പങ്കാളിയെ വിലയേറിയ ദൈവീകനന്മയായി കരുതേണ്ടതുപോലെ കരുതി, സൂക്ഷിച്ച്, ഒന്നിച്ച് വർത്തിക്കേണ്ട ഉത്തരവാദിത്വം ദമ്പതികൾക്കുണ്ട്. ഈ പരസ്പര കരുതൽ ശാരീരികവും മാനസികവും സർവ്വോപരി ആത്മികവുമായ മേഖലകളിൽ പ്രായോഗികമായി വിളങ്ങിക്കാണേണ്ടിയിരിക്കുന്നു. ആത്മികമായ ക്രിയാത്മക അവലോകനത്തിൽകൂടി പണിതുയർത്തേണ്ട സ്നേഹപ്രദർശനമാണ് പരസ്പരകരുതലായി കാണപ്പെടേണ്ടത് (എഫെസ്യർ 5:26–27). ഇങ്ങനെയുള്ള നിസ്വാർത്ഥമായ പരസ്പര കരുതൽ സംതൃപ്തിയും സന്തോഷവും ശാന്തതയും കുടുംബജീവിതത്തിന് നല്കും എന്നതിൽ സന്ദേഹമില്ല. കരുതൽ കുറയുന്നതും ഇല്ലാതെയാകുന്നതും വിദ്വേഷം ജനിക്കുന്നതും ശണ്ഠ ഉടലെടുക്കുന്നതും എല്ലാം സ്നേഹത്തിന്റെ അപര്യാപ്തത മൂലമാണ് എന്നു മനസ്സിലാക്കി പ്രാർത്ഥനയോടെ സ്നേഹത്തിൽ വർദ്ധിച്ചുവരാനായി ശ്രമിക്കുമ്പോൾ കരുതലും മെച്ചപ്പെട്ടുവരും എന്നു കാണാൻ സാധിക്കും. പരസ്പരമുള്ള സ്നേഹത്തിന്റെ കരുതലിനായി ദമ്പതികൾക്കുണ്ടാകുന്നതായ ആത്മദാഹത്തിന്റെ പൂർത്തീകരണത്തിനുള്ള മനഃപൂർവ്വമായ ശ്രമം വിജയകരമായ ദാമ്പത്യജീവിതത്തിന്റെ ലക്ഷണമാണ്.

### 5. പോറ്റിപ്പുലർത്തൽ (Nourishing and cherishing):

എഫെസ്യർ 5:29

ആവശ്യാധിഷ്ഠിതമായ വ്യക്തിഗത ശുശ്രൂഷയാണ് പോറ്റിപ്പുലർത്തൽ. പങ്കാളിയുടെ ശാരീരികവും മാനസികവും സാമൂഹ്യവും എല്ലാത്തിലുമുപരി ആത്മികവുമായ ആവശ്യങ്ങളും അപര്യാപ്തതകളും ബലഹീനതകളും അറിഞ്ഞ് അതിനനുസരിച്ച് തക്കസമയത്ത് പങ്കാളിക്കുവേണ്ടി ചെയ്യുന്ന സ്നേഹത്തിന്റെ ശുശ്രൂഷയാണ് പോറ്റിപ്പുലർത്തൽ. ജീവിതത്തിൽ ഉണ്ടാകുന്ന ബലഹീനതകളും ധൈര്യക്ഷയവും പിന്മാറ്റവും എല്ലാം അകറ്റാൻ പോറ്റിപ്പുലർത്തൽ സഹായിക്കും.

എന്നാൽ പരസ്പരസ്നേഹത്തിൽ അധിഷ്ഠിതമാണ് പോറ്റിപുലർത്തൽ എന്ന സത്യം എപ്പോഴും ദമ്പതികൾ ഓർത്തിരിക്കേണ്ടതാണ്. പരസ്പര സ്നേഹത്തിൽ വളരുന്ന ദമ്പതികൾക്ക് പങ്കാളിയുടെ വിവിധ ആവശ്യങ്ങൾ മനസ്സിലാക്കി അതിനനുസരിച്ച് പോറ്റിപ്പുലർത്താനുള്ള ആഴമായ ഒരു ദാഹം ഉണ്ടായിരിക്കും. ഈ ദാഹം കുറയുന്നു എന്ന് ആത്മപരിശോധന നടത്തുവാനുള്ള വാഞ്ഛ ദമ്പതികൾക്കുണ്ടായിരിക്കണം. എന്നാൽ പരസ്പര പ്രതീക്ഷകൾ മാത്രം വെച്ചുകൊണ്ടിരിക്കാതെ അന്യോന്യം ജീവിതത്തിന്റെ എല്ലാ മേഖലകളിലും പോറ്റിപ്പുലർത്താൻ ദമ്പതികൾ രണ്ടുപേരും വിളിക്കപ്പെട്ടിരിക്കുന്നു എന്ന സത്യം മറന്നുപോകാൻ ഇടവരാതെ അവർ സൂക്ഷിക്കണം.

ആകയാൽ ദമ്പതികൾ വിവേകത്തോടെ കുടുംബങ്ങളിൽ വസിക്കട്ടെ. ഐക്യമത്യവും സഹതാപവും മനസ്സലിവും വിനയബുദ്ധിയുമുള്ളവരായി പ്രാർത്ഥനയോടെയും സുബോധത്തോടെയും ദൈവകൃപയുടെ നല്ല ഗൃഹവിചാരകന്മാരായി അന്യോന്യം ശുശ്രൂഷിച്ചുകൊണ്ടും ദാമ്പത്യജീവിതം നയിപ്പാനായി അവരുടെ എല്ലാ ശ്രദ്ധയും അവർ ഉപയോഗിക്കേണ്ടതാണ്.

**6. സ്നേഹത്തിന്റെ കീഴടങ്ങൽ (Loving submission):**

എഫെസ്യർ 5:22–6:9, കൊലൊസ്യർ 3:12–25

കീഴടങ്ങലിന്റെ അടിസ്ഥാനം സ്നേഹമാണ്. കർത്താവിനെ സ്നേഹിക്കുന്നതിനാൽ നാം കർത്താവിനു കീഴടങ്ങുന്നു. അതോടൊപ്പം കർത്താവ് പറഞ്ഞിരിക്കുന്നതിനാൽ ഭാര്യ ഭർത്താവിനു കീഴടങ്ങുന്നു. മാത്രമല്ല ഭർത്താവിനെ സ്നേഹിക്കുന്നതിന്റെ പ്രായോഗിക പ്രദർശനമായും ഭാര്യ ഭർത്താവിനു കീഴടങ്ങുന്നു. അതായത് ഇത് സ്നേഹത്തിന്റെ സന്തോഷകരമായ കീഴടങ്ങലാണ്. ഇത് സ്വയമായും മനഃപൂർവ്വമായും സ്നേഹത്തോടു കൂടിയതുമായി കർത്താവിന് എന്നവണ്ണമുള്ള കീഴടങ്ങലാണ്. ഇത് ഏതെങ്കിലും ജഡിക–മാനുഷിക ലക്ഷ്യങ്ങൾക്കുവേണ്ടിയുള്ള കീഴടങ്ങൽ അല്ല. ബലം പ്രയോഗിച്ചോ ഭീഷണിപ്പെടുത്തിയോ നേടിയെടുക്കുന്ന കീഴടങ്ങൽ അല്ല. അതായത് കർത്താവിന് കീഴടങ്ങുന്ന ദമ്പതികളും ഭർത്താവിന് കീഴ്പെടുന്ന ഭാര്യയും ഒന്നിച്ചുള്ള സ്നേഹത്തിന്റെ ജീവിതമാണ് കുടുംബജീവിതം. മാതാപിതാക്കളുടെ ഈ മാതൃക കണ്ടുവേണം മക്കൾ സ്നേഹത്തിൽ വളർന്ന് മാതാപിതാക്കൾക്ക് കീഴടങ്ങേണ്ടത്. അങ്ങനെയാണ് സ്നേഹത്തിൽ ഒന്നിച്ച് ജീവിപ്പാൻ കുടുംബങ്ങൾക്കിടയാകുന്നത്. കീഴടങ്ങാൻ മനസ്സില്ലാത്ത ഭാര്യയും ഭീഷണിയിലും പീഡനത്തിലും കൂടി കീഴടക്കാൻ ശ്രമിക്കുന്ന ഭർത്താവും കുടുംബഭദ്രതയ്ക്ക് വിലങ്ങുതടിയായിത്തീരുന്നു. അങ്ങനെ അവരുടെ സന്തോഷവും ഐക്യവും നഷ്ടപ്പെടുന്നു, തദ്വാരാ അവർ ദൈവാത്മാവിനെ ദുഃഖിപ്പിക്കുന്നു. ഫലമോ അസംതൃപ്തി നിറഞ്ഞ കുടുംബവും ശിഥിലമാകുന്ന കുഞ്ഞുങ്ങളും നഷ്ടപ്പെടുന്ന സാക്ഷ്യവും ആയിരിക്കും.

**7. സ്നേഹബഹുമാനാദികളിൽ അടിസ്ഥാനപ്പെട്ട വ്യവസ്ഥകളില്ലാത്ത അനുസരണം (Unconditional obedience based on love and respect) :**

1 പത്രൊസ് 3:6–9

കലവറ കൂടാതെ തമ്മിൽത്തമ്മിൽ സ്നേഹിക്കുന്ന ദമ്പതികൾക്ക് പരസ്പരം ബഹുമാനം വർദ്ധിക്കും. അപ്പോൾ വ്യവസ്ഥകൾ കൂടാതെ അനുസരിക്കാൻ ഭാര്യയ്ക്ക് കഴിയും. ഭർത്താവിന് ഭാര്യയോട് കൈപ്പില്ലാതെ വർത്തിക്കുവാനും സാധിക്കും. ഭർത്താവ് ഭാര്യയിൽ നിന്നും ആവശ്യപ്പെടുന്നതോ പിടിച്ചെടുക്കുന്നതോ ഭീഷണിമൂലം നേടിയെടുക്കുന്നതോ അല്ല അനുസരണം. പ്രത്യുത ഭാര്യയിൽ നിന്നും ഉയർന്ന ആത്മീയ അനുഭവമായി അനുസ്യൂതം പ്രവഹിക്കുന്ന നദിപോലെയുള്ള ഒരു സ്നേഹത്തിന്റെ അനുഭവമാണത്. അതിന്റെ സൗരഭ്യം കുടുംബത്തിൽ നിറഞ്ഞു നില്ക്കുകയും മക്കളിലും പ്രതിബിംബിക്കുകയും ചെയ്യും.

**8. മനഃപൂർവ്വമായ ക്ഷമ (Heart for forgiveness):**

എഫെസ്യർ 4:1–5, 32; കൊലൊസ്യർ 3:1–25, 1 പത്രൊസ് 3:1–9.

പാപങ്ങൾ ക്ഷമിക്കുന്ന ദൈവത്തിന്റെ മക്കൾ ഈ ദിവ്യസ്വഭാവത്തിന് അനുരൂപരായി നാൾതോറും ജീവിക്കുമ്പോൾ ക്ഷമിയ്ക്കുന്നവരായിത്തീരും. ക്ഷമയുമായി ബന്ധപ്പെട്ട സ്വഭാവവൈശിഷ്ട്യത്തെക്കുറിച്ച് പരാമർശിക്കുന്നതിന്റെ തുടർച്ചയായിട്ടാണ് എഫെസ്യ ലേഖനത്തിലും കൊലൊസ്യ ലേഖനത്തിലും കുടുംബജീവിതത്തെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ നാം കാണുന്നത്. നാം ആരെയൊക്കെ ആഴമായി സ്നേഹിക്കുന്നുവോ അവരോടൊക്കെ ആഴമായി ക്ഷമിക്കുവാനും നമുക്കു സാധിക്കും എന്നതിൽ രണ്ടു പക്ഷമില്ല. ദമ്പതികൾക്ക് തമ്മിൽത്തമ്മിൽ ക്ഷമിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ അവർക്ക് അന്യോന്യവും ദൈവത്തോടുമുള്ള സ്നേഹത്തിന് കുറവു സംഭ

വിക്കുന്നു എന്ന് വചനപ്രകാരം മനസ്സിലാക്കാൻ സാധിക്കും. തികഞ്ഞ സ്നേഹം ദീർഘമായി ക്ഷമി ക്കുന്നതും പരസ്പരം ദയ കാണിക്കുന്നതും സ്പർദ്ധിക്കാത്തതും കോപിക്കാത്തതും കുറ്റങ്ങൾ ഓർത്തുവെയ്ക്കാതെ വിട്ടുകളയുന്നതും ആകുന്നു. ഈ ക്ഷമ എല്ലാം പൊറുക്കുന്നതും സഹിക്കുന്ന തുമാകുന്നു (1 കൊരിന്ത്യർ 13:4-7). ഇങ്ങനെ അന്യോന്യം ക്ഷമിച്ചും സഹിച്ചും പൊറുത്തും വിട്ടു കളഞ്ഞും ജീവിക്കുക എന്നത് കുടുംബജീവിത വിജയത്തിന് അത്യന്താപേക്ഷിതമാകുന്നു. ആത്മാ വിന്റെ ഫലമായ ദീർഘക്ഷമ, ദയ, സൗമ്യത, ഇന്ദ്രി യജയം ഇവ എല്ലാ വിശ്വാസികളിലും പ്രത്യേകിച്ച് ദമ്പതികളിലും ഉണ്ടായിരിക്കേണ്ടത് സന്തുഷ്ടകര മായ ദാമ്പത്യകുടുംബ ജീവിതത്തിന് അടിസ്ഥാന മായ സ്വഭാവവൈശിഷ്ട്യം ആകുന്നു (ഗലാത്യർ 5:22-23). അതോടൊപ്പം ജഡത്തിന്റെ പ്രവൃത്തികൾ തങ്ങളിൽ നിന്നും ഉന്മൂലനാശം ചെയ്യുവാനും ദമ്പ തികൾ ബദ്ധശ്രദ്ധരായിരിക്കണം (ഗലാത്യർ 5:19-21)

**9. ഐക്യമത്യത്തോടുകൂടിയ പ്രാർത്ഥന (United Prayer) :**

യേശുക്രിസ്തു ശിഷ്യന്മാരെ പഠിപ്പിച്ചത് ഐക്യമത്യത്തോടെ പ്രാർത്ഥിക്കാനാണ് (മത്തായി 6:9-13). ഈ പ്രാർത്ഥനയിലെ ഒരു സുപ്രധാന പദ പ്രയോഗം 'ഞങ്ങൾ' എന്നുള്ളതാണല്ലോ. ഇത് കർത്താവിനാൽ ഉറപ്പിച്ചു തന്നിരിക്കുന്ന ഒരു പ്രാർത്ഥനാ മനോഭാവമാണ്. പ്രാർത്ഥനയിലുള്ള ഈ ഐക്യം (മത്തായി 18:19) ഏറ്റവും അധികം അന്വർത്ഥമാകേണ്ടത് കുടുംബത്തിലെ ദമ്പതിക ളുടെ പ്രാർത്ഥനയിലാണ്. കൊർന്നല്യോസ് കുടും ബമായി ദൈവിക ദർശനത്തിന്റെ വ്യക്തതയ്ക്കായി പ്രാർത്ഥിച്ച ഒരുവനായിരുന്നു (അപ്പൊസ്തല പ്രവൃ ത്തികൾ 10:2). ആ പ്രാർത്ഥനയ്ക്ക് ദൈവം വ്യക്ത മായ മറുപടിയും നല്കി. ദമ്പതികൾ ഐക്യമത്യ ത്തോടെ പ്രാർത്ഥിക്കുക എന്നത് ഒഴിച്ചുകൂടാൻ പാടില്ലാത്ത കാര്യം ആകുന്നു എന്ന് യിസ്ഹാക്ക് റെബേക്ക ദമ്പതികളിൽ നിന്നും (ഉത്പത്തി 26) പൗലൊസിന്റെ ഉദ്ബോധനത്തിൽ നിന്നും (1 കൊരിന്ത്യർ 7:5) നമുക്ക് വ്യക്തമായി മനസ്സി ലാക്കാം. ദാമ്പത്യ ജീവിതത്തെക്കുറിച്ച് എഫെ സ്യർക്കും കൊലൊസ്യർക്കും എഴുതിയ ലേഖന ങ്ങളിൽ പറഞ്ഞിരിക്കുന്ന ഉപദേശങ്ങൾ എല്ലാം തന്നെ പ്രാർത്ഥനയുടെ പശ്ചാത്തലത്തിലാകുന്നു എന്നു ഈ ലേഖനങ്ങൾ പഠിക്കുമ്പോൾ മനസ്സി ലാകും. അങ്ങനെ യോശുവയെപ്പോലെ "ഞാനും എന്റെ കുടുംബവും ഞങ്ങൾ യഹോവയെ സേവിക്കും" എന്നു പറയുവാൻ എല്ലാ ദമ്പതി കൾക്കും സാധിക്കണം. ഒരു പിതാവിന് അങ്ങനെ ധൈര്യത്തോടെ പറയാൻ സാധിച്ചത് തന്റെ കുടും ബത്തിന്റെ ഐക്യം മൂലമാണ്.

ഒന്നിച്ച് പ്രാർത്ഥിക്കുന്ന ദമ്പതികളിൽ ഐക്യമ ത്യവും സ്നേഹവും ആത്മവ്യാപാരവും നിറഞ്ഞു കവിയുവാൻ ഇടവരും. അവർ തമ്മിൽതമ്മിൽ കുറ വുകളെ ഏറ്റുപറഞ്ഞു പ്രാർത്ഥിക്കുമ്പോൾ അവ രുടെ പ്രശ്നങ്ങൾക്കും പ്രയാസങ്ങൾക്കും ദൈവം പരിഹാരം വരുത്തും (യാക്കോബ് 5:16).

**10. പരസ്പര സേവനം (Mutual serving) :**

ആഴമേറിയ പരസ്പര സ്നേഹത്തിന്റെ പ്രതിഫലനമായി അന്യോന്യം കരുതുകയും സഹാ യിക്കുകയും പോഷിപ്പിക്കുകയും ശുശ്രൂഷിക്കു കയും ചെയ്യുവാൻ ദമ്പതികൾ നിയമിക്കപ്പെട്ടിരി ക്കുന്നു (1 കൊരിന്ത്യർ 7:4, 32, 34). ഭാര്യയെ വിശു ദ്ധിയിലും നിഷ്കളങ്കതയിലും സ്വന്തം ശരീരത്തെ പ്പോലെ കരുതി ശുശ്രൂഷിക്കുന്ന ഭർത്താവിനെയും (എഫെസ്യർ 5:26-27). ഭർത്താവിനെ ശുശ്രൂഷക ളാൽ പ്രസാദിപ്പിക്കുന്ന ഭാര്യയെയും ആണ് (1 കൊരിന്ത്യർ 7:34) ദൈവവചനം വിഭാവനം ചെയ്യു ന്നത്. ആകയാൽ പങ്കാളിയിൽ നിന്നും എനിക്ക് എന്തു ലഭിക്കും എന്നു ചിന്തിക്കുന്നതിനുപകരം പങ്കാളിക്കുവേണ്ടി എനിക്ക് എന്തു ചെയ്യാൻ കഴിയും എന്ന് അന്വേഷിക്കുന്നതാണ് ദമ്പതിക ളുടെ പരസ്പര ധർമ്മം. ഇതിൽ അവർ വളർന്നുവ ന്നാൽ പരാതിക്കും പിറുപിറുപ്പിനും ഈർഷ്യയ്ക്കും പിണക്കത്തിനും അവരുടെ ജീവിതത്തിൽ സ്ഥാനം ഇല്ലാതെ വരും.

ആകയാൽ ദൈവവചനത്തിലെ ഈ പത്തു പ്രമാണങ്ങളും കല്പനകളും അടിസ്ഥാനപ്പെടുത്തി യുള്ള സംതൃപ്തികരമായ കുടുംബ ജീവിതം പണി തുയർത്താൻ എല്ലാ ദമ്പതികൾക്കും ദൈവം ഇട യാക്കട്ടെ. അതിനായി തങ്ങളെത്തന്നെ സമർപ്പി ക്കാനും തങ്ങളുടെ മനോഭാവത്തെ ഒരുക്കുവാനും ദൈവാത്മസഹായത്തോടെ ദമ്പതികൾക്ക് ഇടയാ കട്ടെ. ഈ ലക്ഷ്യപ്രാപ്തിക്കായി പ്രാർത്ഥനയിൽ പോരാടാൻ അവർ ബദ്ധപ്പെടട്ടെ. തങ്ങളുടെ കുറവുകൾ ഏറ്റു പറയാൻ അവർ ശ്രദ്ധിക്കട്ടെ. അതിനുള്ള ആത്മശക്തിക്കായി ദമ്പതികൾ വാഞ്ഛിക്കുകയും ദൈവസന്നിധിയെ അഭയം പ്രാപിക്കുകയും ചെയ്യട്ടെ. ❑

# പഴയതും പുതിയതും

ഡോ. കുഞ്ഞുമോൻ ചാക്കോ, കോട്ടയം



"വിടരുതവനെ, കൊടുക്ക് കരണം നോക്കി, മറ്റെന്തോ വരാൻ നേരത്ത് പിറന്നവൻ, കണ്ടില്ലേ കൊഴുത്തിരിക്കുന്നത്, വല്ലവന്റേയും മോഷ്ടിച്ചുതിന്നാൽ ഇങ്ങനെ തടിവയ്ക്കുമോ!"

വഴിയരികിൽ നിന്ന ചിലരും ബസിൽ നിന്നിറങ്ങിയ ചിലരും മാറിമാറി പെരുമാറി. തലയ്ക്കും നെഞ്ചിനും ഇടി, കരണത്തടി. ആറ്റിങ്ങൽ ജയിലിലേക്ക് പോകുന്ന യാത്രാബസിൽ ഇരുന്നുകൊണ്ട് ഞാൻ രംഗം വീക്ഷിക്കുകയായിരുന്നു. ബസ് ചാത്തന്നൂരിൽ നിർത്തിയപ്പോൾ ആരുടെയോ പോക്കറ്റടിച്ചശേഷം ആ ചെറുപ്പക്കാരൻ ചാടിയിറങ്ങി. സംഗതിവശാൽ അവനെ പിടികൂടി. ഞാൻ സൂക്ഷിച്ചുനോക്കുമ്പോൾ അവന്റെ വായിൽക്കൂടി രക്തം വരുന്നുണ്ടായിരുന്നു. അതുവഴി വന്ന പോലീസുകാരൻ ബാക്കി ചുമതല ഏറ്റെടുത്തുകൊണ്ട് സ്റ്റേഷനിലേക്ക് അവനെ കൊണ്ടുപോയി.

**ഡോ. കുഞ്ഞുമോൻ ചാക്കോ എഴുതിയ "തടവുകാരെ തേടി" എന്ന പുസ്തകത്തിൽ നിന്നും**

എന്റെ മനസ്സ് അസ്വസ്ഥമായി. കുറ്റത്തിന്റെ കാരണത്തിലേക്ക് എന്റെ ചിന്ത ഇറങ്ങി. അവൻ ഒന്നുമില്ലാഞ്ഞിട്ട് വിശന്നിട്ടായിരിക്കുമോ മോഷ്ടിച്ചത്? അവൻ ആരായിരിക്കും? പഠിപ്പുള്ളവനോ ഇല്ലാത്തവനോ? ഹിന്ദുവോ മുസ്ലീമോ ക്രിസ്ത്യാനിയോ? അവന്റെ കുടുംബം ഏതായിരിക്കും? ആദ്യമായിരിക്കുമോ പോക്കറ്റടിക്കുന്നത്? പോലീസു പിടിച്ചിട്ടുണ്ടോ ഇതിനു മുമ്പ്? പക്ഷെ, അവനെ രണ്ടു ദിവസത്തിനകം ജയിലിൽ കാണാം. അന്ന് ഇതെല്ലാം ചോദിക്കാമെന്ന് ഞാൻ ആശ്വസിച്ചു.

കണ്ടക്ടർ ഡബിൾ ബെല്ലു കൊടുത്തു. ലൈലാൻഡ് ബസ്സ് ഫാസ്റ്റ് പാസഞ്ചർ ആയിരുന്നതിനാൽ സാമാന്യം വേഗത്തിൽ ഓടുന്നുണ്ടായിരുന്നു. എന്റെ സീറ്റ് കണ്ടക്ടറുടെ അടുത്തായിരുന്നു. "യേശു നിന്നെ സ്നേഹിക്കുന്നു" എന്ന ലോഹ ബാഡ്ജ് എന്റെ ഷർട്ടിലുണ്ടായിരുന്നതിനാൽ കണ്ടക്ടർ എന്റെ തൊഴിൽ തിരിച്ചറിഞ്ഞു. "പാസ്റ്ററെ ഇവനെയൊക്കെ യേശു സ്നേഹിക്കുമോ?'' ഹൈന്ദവനായ ആ സർക്കാർ ഉദ്യോഗസ്ഥൻ. "തീർച്ചയായും" എന്ന് ഞാൻ മറുപടി പറഞ്ഞു. "പക്ഷേ അതവനറിഞ്ഞിട്ടുണ്ടോ?" കൂരമ്പുപോലെ അതെന്റെയുള്ളിൽ തറച്ചു. ഞാൻ വിഷണ്ണനായി. "അവനോട് ഞാനത് പറയുവാൻ പോകയാണ്. ഇവിടെയൊന്ന് നിർത്തിയാൽ ഇറങ്ങിക്കൊള്ളാം". കണ്ടക്ടർ ബെല്ലടിച്ചു. ബസ്സ് നിർത്തി, ഞാനിറങ്ങി. അഞ്ചുമൈൽ പിറകോട്ട് യാത്ര ചെയ്യണം. മറുവശത്തു പോയി നിന്ന് വന്ന ബസിനു കൈകാണിച്ചു നിർത്തി കയറി. ചാത്തന്നൂർ പോലീസ് സ്റ്റേഷന്റെ പടിക്കൽ ഇറങ്ങണമെന്നു പറഞ്ഞ് ടിക്കറ്റെടുത്തു. സമയം 3 മണി ആയിക്കാണും. ഞാൻ സ്റ്റേഷനിൽ എത്തുമ്പോൾ വലിയ തിരക്കൊന്നും കാണാനില്ല. ഞാൻ നേരെ എസ്.ഐ.യുടെ അടുക്കലെത്തി എന്റെ സാക്ഷിപത്രവും തിരിച്ചറിയുന്ന കാർഡും കൊടുത്തു. അദ്ദേഹം എന്നെ വളരെ ബഹുമാനത്തോടെ ഇരുത്തി. എന്റെ സന്ദർശനത്തിന്റെ ലക്ഷ്യം ഞാൻ വിശദമാക്കി. "നിങ്ങൾ അയാളുടെ

സ്നേഹിതനാണോ?" ചോദ്യം കുഴഞ്ഞതാണ്. ഉവ്വ് എന്ന് പറഞ്ഞാൽ ഞാനും ആപ്പിലാകും. അല്ല എന്നു പറഞ്ഞാൽ കാണാനുള്ള കാരണം വിശദമാക്കണം. ഏതായാലും ഞാൻ എന്റെ ഐ.ഡി.കാർഡിൽ ആശ്വസിച്ചു. "ഞാൻ അയാളുടെ സ്നേഹിതനല്ല എന്നാൽ ഒരു നല്ല സ്നേഹിതനെ പരിചയപ്പെടുത്തിക്കൊടുക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു". ആ മുസ്ലീം ഉദ്യോഗസ്ഥൻ വേഗത്തിൽ ജോസഫ് എന്ന പോക്കറ്റടിക്കാരനെ എന്റെ അടുക്കൽ വരുത്തിയിരുന്നു. "എടാ സത്യം മാത്രമേ പറയാവൂ. ഇദ്ദേഹം പോലീസല്ല ഒരു പാതിരിയാണ്. നിന്നെ സഹായിക്കാൻ വന്നതാണ്".

ജോസഫ് എന്ന 19 കാരൻ കഴിഞ്ഞ കാലത്തിന്റെ ഭാണ്ഡങ്ങൾ ഓരോന്നായി അഴിച്ചു. എന്റെ ഉള്ളിലെ പല ചോദ്യങ്ങൾക്കും മറുപടി നല്കുന്നതായിരുന്നു അവ. ഞാൻ ശാന്തമായി കേട്ടുകൊണ്ടിരുന്നു. സഹൃദയനായ എസ്.ഐ. എനിക്കൊരു ചായ വരുത്തിത്തന്നു. ജോസഫിന്റെ കഥയുടെ പ്രസക്തഭാഗങ്ങൾ ഈ വിധമായിരുന്നു. "പാസ്റ്റർ എന്റെ ഏഴാമത്തെ വയസ്സിൽ അപ്പച്ചനെ ഒരു കേസിൽ പോലീസ് അറസ്റ്റു ചെയ്തു. 5 വർഷത്തേക്ക് ശിക്ഷിച്ചു. എന്റെ അപ്പൻ കൂലിവേലക്കാരനായിരുന്നു. നല്ലവനായ അപ്പൻ ആരെയും ഉപദ്രവിച്ചിട്ടില്ല. ഏതോ കേസിൽ രാഷ്ട്രീയ പകപോക്കലെന്നോണം എന്റെ അപ്പനെയും പിടികൂടി. മറ്റുള്ള നാലു പ്രതികൾക്കും ജാമ്യം കിട്ടി. എന്റെ അപ്പനെ ജാമ്യത്തിലിറക്കുവാൻ ആരും ഉണ്ടായിരുന്നില്ല. അപ്പന്റെ അറസ്റ്റ് ഞങ്ങളെ പട്ടിണിയിലാക്കി. അമ്മ രണ്ടു വീടുകളിൽ ജോലി ചെയ്തു. ഞങ്ങൾ നാലു കുഞ്ഞുങ്ങളായിരുന്നു. അഞ്ചു പേർക്ക് ഒരു നേരത്തെ ഭക്ഷണത്തിനുപോലും അത് തികയുമായിരുന്നില്ല. എന്റെ പഠനം നിർത്തേണ്ടി വന്നു. ഞാൻ തെരുവിലിറങ്ങി. സഹായം തേടി. ആരും എന്നെ കേട്ടില്ല. ഹോട്ടലുകളിലെ എച്ചിലുകൾ തിന്നു ഞാൻ വിശപ്പടക്കി. ഒരു കൂട്ടുകാരൻ എന്നെ പോക്കറ്റടി പഠിപ്പിച്ചു. 5 രൂപയാണ് ആദ്യം കിട്ടിയത്. എനിക്കത് ചെയ്യുവാൻ മനസ്സില്ലായിരുന്നു. പക്ഷേ ദാരിദ്ര്യം എന്നെക്കൊണ്ടതു ചെയ്യിച്ചു. തെറ്റാണെന്നറിഞ്ഞുകൊണ്ട് ഞാനതു തുടർന്നു, മറ്റു മാർഗ്ഗങ്ങളൊന്നും ഇല്ലായിരുന്നതിനാൽ. ചിലപ്പോഴൊക്കെ നാട്ടുകാർ തല്ലിയിട്ടുണ്ട്. അന്ന് പോക്കറ്റടി നിർത്തുവാൻ ഞാൻ തീരുമാനിച്ചതാണ്. ആരും എനിക്ക് ഒരു ജോലിയും തന്നില്ല. എന്നെ ആർക്കും വിശ്വാസമില്ലെന്ന് പറയുമായിരുന്നു. എന്നെ ആദ്യമായിട്ടാണ് പോലീസ് പിടികൂടിയത്".

ജോസഫിനെ പോകുവാനനുവദിച്ചതിനുശേഷം ഞാനും എസ്.ഐ.യും തമ്മിൽ ചില നിമിഷം സംസാരിച്ചു. ഇവനെ നേർവഴിക്ക് കൊണ്ടുവരാൻ കഴിയുമോ എന്നു ചോദിച്ചപ്പോൾ കഴിഞ്ഞേക്കണം എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. ഞങ്ങൾ തുടർന്നു സംസാരിച്ചുകൊണ്ടിരുന്നു. കിർ കിർ കിർ കിർ... എസ്.ഐ.യുടെ ഫോൺ ശബ്ദിച്ചു. "ഹലോ, ചാത്തന്നൂർ പോലീസ് സ്റ്റേഷൻ എസ്.ഐ. യാണ് സംസാരിക്കുന്നത്.

പിന്നീട് ഒരഞ്ചു മിനിട്ട് സമയം എസ്.ഐ. കേൾക്കുകയും മൂളുകയും ചെയ്യുന്നുണ്ടായിരുന്നു. അടുത്തെവിടെയോ ഒരു അതിർത്തി തർക്കമുണ്ടായി സംഘട്ടനത്തിൽ കലാശിച്ചുവെന്നും ഒരാൾ മരണപ്പെട്ടുവെന്നുമായിരുന്നു വന്ന വാർത്ത. എന്നെ ഹെഡ് കോൺസ്റ്റബിളിനെ ഏല്പിച്ചിട്ട് മര്യാദയോടെ ഒരു ക്ഷമാപണവും പറഞ്ഞു എസ്.ഐ. സംഭവ സ്ഥലത്തേക്ക് തിരിച്ചു. ഞാനും എച്ച്. സി. വിക്രമൻ നായരും കൂടി അല്പം സംസാരിച്ചു. തുടർന്നു ജോസഫിനെ വിളിച്ചു. ഞാനവനോട് ഇങ്ങനെ പറഞ്ഞു: "ജോസഫ് നിനക്കെന്റെ അനുജന്റെ പ്രായമില്ല. നീ വലിയ വൈഷമ്യത്തിലാണ്. കേസ് ചാർജു ചെയ്താൽ നീ ജയിലിലാകും. രണ്ടു വർഷം എങ്കിലും ശിക്ഷയും ലഭിക്കും. ഇതുവരെ നിന്റെ ജീവിതത്തിലെ മങ്ങിയ ദിവ

സങ്ങളായിരുന്നുവെങ്കിൽ ഇരുട്ട് വ്യാപിക്കാൻ പോകുന്നു. നീ ഒരു വലിയ മോഷ്ടാവായി ത്തീരാനുള്ള വക്കിൽ വന്നിരിക്കുന്നു. നിന്റെ ഭാവി തകരും. നിന്റെ അമ്മയും അപ്പനും ഇത് താങ്ങുമോ? നിന്റെ കൊച്ചനുജത്തിയും അനു ജന്മാരും എങ്ങനെ സഹിക്കും? ശാന്തമായിചി ന്തിക്കുക. നീ പള്ളിയിൽ പോയിട്ടുള്ളവ നാണോ? യേശു മിശിഹായെക്കുറിച്ച് കേട്ടിട്ടു ണ്ടല്ലോ? യേശു നിന്നെ സ്നേഹിക്കുന്നു. നിന്റെ ജീവിതത്തെ അവനു സമർപ്പിക്കാമെങ്കിൽ പുതിയ ജീവിതം നിനക്കു നല്കും. നിന്റെ ഭാവി ശോഭനമാകും നിനക്ക് മനസ്സുണ്ടെങ്കിൽ ഈ വിഷയത്തിൽ ഞാൻ നിന്നെ സഹായിക്കാം".

''എനിക്കു മനസ്സുണ്ട് സാറേ'' ജോസഫ് മുട്ടുകുത്തി ആ സ്റ്റേഷനിലെ തറ യിൽ പാപങ്ങളെ ഏറ്റു പറഞ്ഞ് യേശുവിനെ ഉള്ളത്തിൽ സ്വീകരിച്ചു. ജീവിതത്തിൽ ഒരു പുതിയ വഴി സ്വീകരിച്ചു. ഞാൻ ജോസഫിനു വായിക്കുവാൻ ഒരു പുതിയ നിയമം കൊടുത്തു. ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ എസ്.ഐ. വന്നു. സംഭവിച്ചതെല്ലാം വിക്രമൻ നായർ പറ ഞ്ഞുകൊടുത്തു.

"ചൊവ്വേ നേരെ ജീവിക്കാമോടാ ഇനി" എന്ന് അർഹിക്കുന്ന പോലീസ് ഗമയിൽ ജോസഫിനോട് അദ്ദേഹം ചോദിച്ചു. ഒരു ശക്തിയായ ശാസനയിൽ ഉപദേശവും നല്കി അവനെ വിട്ടു. ഞാനും ജോസഫും കൂടി നേരെ പോയത് അവന്റെ വീട്ടിലേക്കായിരുന്നു. സംഗ തികളെല്ലാം അപ്പനെയും അമ്മയെയും ഞാൻ പറഞ്ഞു കേൾപ്പിച്ചു. ജോസഫിന്റെ കൈയിൽ 10 രൂപ കൊടുത്തിട്ട് ഇറങ്ങാൻ തുടങ്ങി. നിറ മിഴികളോടെ അവനെന്റെ കൈയിൽ പിടിച്ചു. "സാറേ, എന്റെ 12 വർഷത്തെ കുത്തഴിഞ്ഞ ജീവിതത്തിൽ ആരും എന്നെ സ്നേഹിച്ചിട്ടില്ല. ഞാനും സാറിന്റെ കൂട്ടത്തിൽ വരട്ടെയോ? എന്തെങ്കിലും ഒരു പണി കിട്ടിയാൽ മതി. ജീവി ക്കണം. അപ്പനെ സഹായിക്കണം. ഉപേക്ഷി ക്കല്ലേ സാറേ". ഞാൻ കുഴങ്ങി. ഉപേക്ഷിക്കാൻ കഴിയുമോ? കൂട്ടത്തിൽ കൊണ്ടുപോരാതിരി ക്കാൻ സാധിക്കുമോ? പെട്ടെന്ന് ഒരു ചിന്തയു ണ്ടായി. "നീ ഒരു മാസം വീട്ടിൽ താമസിക്കുക. ഞാൻ ശ്രമിക്കട്ടെ. ഒരു മാസം കഴിയുമ്പോൾ കത്തയയ്ക്കാം. നിരാശപ്പെടരുത്. ബൈബിൾ വായിക്കണം. പ്രാർത്ഥിക്കണം". ജോസഫിന്റെ അഡ്രസ് വാങ്ങി ഞാൻ നടന്നു. അവൻ എന്നെ ബസിൽ കയറ്റി വിട്ടു. ഞാൻ തിരിഞ്ഞുനോ ക്കി. ബസ് കണ്ണിൽ നിന്നു മറയുന്നതുവരെയും അവൻ അവിടെ നില്പുണ്ടായിരുന്നു. ഒരാളെ ക്രിസ്തുവിനു പരിചയപ്പെടുത്തിയ സന്തോഷ ത്തോടെ ഞാൻ വീട്ടിലേക്കു പോന്നു. ജോസ ഫിനു ഒരു ജോലിയുണ്ടാക്കിക്കൊടുക്കുവാൻ ഞാൻ ശ്രമമാരംഭിച്ചു. ഒരു ചെറിയ വർക്കുഷോ പ്പിൽ വെൽഡിംഗ് പഠിക്കുവാനുള്ള ക്രമീക രണം ചെയ്തു, മൂന്നാഴ്ചകൊണ്ട്. അടുത്ത മാസത്തെ എന്റെ ജയിൽ സന്ദർശന വേളയിൽ ബസ് വൈകി മടങ്ങിയ ഞാൻ ജോസഫിന്റെ വീടുവരെ ഒന്നു പോകാമെന്നു കരുതി. സമയം ഏഴുമണിയായിക്കാണും, വൈകുന്നേരം. ഞാൻ ആ വീടിനെ ലക്ഷ്യമാക്കി നടന്നു. ടോർച്ചു ലൈറ്റിന്റെ മിന്നൽ കണ്ടിട്ടാവണം പട്ടികൾ കുര യ്ക്കുന്നുണ്ടായിരുന്നു. എതിരെ വന്ന കാളവ ണ്ടിക്കാരനോട് ഞാൻ വഴി ഒന്നുകൂടി ചോദിച്ചു വ്യക്തമാക്കി. ഒരു ചെറിയ കുന്നിൻ ചരുവിൽ റബ്ബർതോട്ടത്തിനകത്തായിരുന്നു ആ വീട്. യാത്ര ചെയ്ത ക്ഷീണം എനിക്കുണ്ടായിരുന്നു വെങ്കിലും ഞാൻ കൊണ്ടുചെല്ലുന്ന വാർത്ത യിൽ ജോസഫ് സന്തോഷിക്കുമെന്ന് എനിക്കു റപ്പുണ്ടായിരുന്നു. വീട്ടുപടിക്കൽ ഞാൻ വഴിയ രികിൽ നിന്നു. അതാ ഒരു പാട്ടിന്റെ ശബ്ദം കേൾക്കുന്നു.

"യേശു എൻ സ്വന്തം ഹല്ലേലുയ്യാ
എന്നുടെ ഭാഗ്യം ചൊല്ലിക്കൂടാ
പഴയതെല്ലാം കഴിഞ്ഞുപോയ്
കണ്ടാലും സർവ്വം പുതിയതായ്".

❑

# ഈ ലോകത്തിന് അനുരൂപരാകാതെ



പാസ്റ്റർ എ. ജെ. ജോൺ, കൊഴുവല്ലൂർ

**കേ**രളത്തിലെ അതിപുരാതന മലങ്കര സുറിയാനി പാരമ്പര്യ സഭയായ യാക്കോബാ സഭയോട് ഈ ലോകത്തിനു അനുരൂപമാകരുതെന്നു റോമൻ കത്തോലിക്കാ സഭ ഉപദേശം നല്കുന്ന ചരിത്രരേഖയാണ് ഉദയംപേരൂർ സുന്നഹദോസ്. ചെകുത്താൻ വേദം ഓതുന്നു, സൈ്വരിണിയുടെ സദാചാര പ്രസംഗം എന്നീ പഴഞ്ചൊല്ലുകളെ അനുസ്മരിപ്പിക്കുന്നതാണ് റോമൻ കത്തോലിക്കർ യാക്കോബാക്കാരോട് നല്ലനടപ്പിനു ഉപദേശിക്കുന്ന സംഭവം. പുരാതനത്വ വിശ്വാസപ്രകാരം റോമിൽ സുവിശേഷം എത്തുന്നതിനുമുമ്പ് മലങ്കരയിൽ ഒന്നല്ല ഏഴരപള്ളികൾ ഉണ്ടായിരുന്നു എന്നു വിശ്വസിക്കുന്നു യാക്കോബാ സഭ. അതായത് A.D. 52 മുതലുള്ള "സെന്തോമസ് പാരമ്പര്യം".

1498 മേയ് 20-ന് വാസ്കോഡഗാമ കോഴിക്കോട്ട് എത്തിയതിനു ശേഷമാണ് റോമൻ കത്തോലിക്കാ സഭയുടെ വിശ്വാസങ്ങളും ആചാരാനുഷ്ഠാനങ്ങളും കേരളത്തിൽ പ്രചരിക്കുന്നത്. വാസ്കോഡഗാമ കേരളത്തിൽ കാലുകുത്തി ഒരു നൂറ്റാണ്ടു പൂർത്തിയായപ്പോൾ കൃത്യം 101 വർഷം തികഞ്ഞ 1599 ജൂൺ 20 മുതൽ 26 വരെയാണ് ഉദയംപേരൂർ സുന്നഹദോസ് നടന്നത്. ഉദയംപേരൂർ സുന്നഹദോസിന്റെ പ്രധാന അജണ്ട, പൗരസ്ത്യ സുറിയാനി സഭയെ നവീകരിച്ച് പാശ്ചാത്യറോമാസഭയുടെ ലാറ്റിൻ ആരാധനക്രമം അടിച്ചേല്പിക്കുക, സുറിയാനി സഭയുടെ അന്ത്യോക്യൻ പാത്രിയർക്കീസ് ബന്ധം ഉപേക്ഷിച്ച് റോമിലെ മാർപാപ്പയുടെ ആധിപത്യത്തിൻ കീഴിലാക്കുക എന്നിവ ആയിരുന്നെങ്കിലും. സുന്നഹദോസിന്റെ ഏഴാം ദിവസത്തെ രണ്ടാം കൂടിവിചാരത്തിൽ അഥവാ രണ്ടാം കാനോനിലാണ്. "ഈ ലോകത്തിനു അനുരൂപരാകാതെ" എന്ന സദുപദേശം കത്തോലിക്കർ യാക്കോബക്കാർക്കു നല്കുന്നത്. 15-ാം നൂറ്റാണ്ടിൽ പോർച്ചുഗീസുകാർ റോമൻ കത്തോലിക്കാ സഭയുടെ ലത്തീൻ ആരാധനക്രമം ഇവിടെ പരിചയപ്പെടുത്തുമ്പോൾ മലങ്കര നസ്രാണികൾ ഹിന്ദുമതത്തിന്റെ സകല അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ക്രിസ്തുമതത്തിന്റെ ഭാഗമാക്കി കഴിഞ്ഞിരുന്നു. നസ്രാണികൾ കറ തീർന്ന ക്രിസ്ത്യാനികളാണെന്നും തോമാശ്ലീഹ ഭരമേല്പിച്ച സത്യവിശ്വാസം തലമുറകളായി കാത്തു സൂക്ഷിക്കുന്ന കറതീർന്ന ക്രിസ്ത്യാനികളാണെന്നു അഭിമാനിച്ചിരുന്നത് അടിസ്ഥാനരഹിതമാണെന്നും തത്ത്വത്തിൽ ഹിന്ദു സമുദായത്തിന്റെ എല്ലാ ജീർണ്ണതകളിലും മുഴുകി ഐഡന്റിറ്റി ഇല്ലാതെ ഹിന്ദുമതത്തിന്റെ ഒരു ഉപവിഭാഗത്തെപ്പോലെ അധഃപതിച്ചു കഴിഞ്ഞിരുന്ന ഒരു ക്രിസ്ത്യൻ വിഭാഗത്തെയാണ് പോർച്ചുഗീസുകൾ മലങ്കരയിൽ കണ്ടത്. അപചയം സംഭവിച്ച ഈ ക്രൈസ്തവരെ നവീകരിക്കാൻ പോർച്ചുഗീസ് പാരമ്പര്യമുള്ള റോമൻ കത്തോലിക്കർ നടത്തിയ ശ്രമത്തിന്റെ ചരിത്രരേഖയാണ് ഉദയംപേരൂർ സുന്നഹദോസ് നല്കുന്നത്. ശകുനം, മൂഹൂർത്തം, ജാതകം, ആഭിചാരം, നാൾപൊരുത്തം തുടങ്ങിയ എല്ലാ അനാചാരങ്ങളും അന്ധവിശ്വാസങ്ങളും ഹിന്ദുക്കളിൽനിന്നും സ്വീകരിച്ച് കഴിഞ്ഞിരുന്നവരെ കറതീർന്ന സത്യക്രിസ്ത്യാനികൾ എന്നു അംഗീകരിക്കാൻ കഴിയുമായിരുന്നില്ല.

റോമൻ കത്തോലിക്കാ സഭ യൂറോപ്പിലെ

പ്രത്യേകിച്ച് യവനമതത്തിലെ സകല ദുഷിപ്പു കളെയും സാംശീകരിച്ച് വളർന്നാണ് പോർച്ചു ഗീസുകാരിലൂടെ ലത്തീൻ കത്തോലിക്കാസഭാ എന്ന പേരിൽ മലങ്കരയിലെത്തിയത്. മലങ്കര നസ്രാണികളുടെ പോക്കു ശരിയല്ല എന്നു ഉപദേശിച്ചതു അതുകൊണ്ടാണ് ചെകുത്താൻ വേദം ഓതുന്നതിനോടും സ്വൈരിണിയുടെ സദാചാര പ്രസംഗത്തോടും റോമൻ കത്തോലി ക്കരുടെ ഉപദേശത്തെ ഉപമിച്ചത്. എന്നാൽ "തമ്മിൽ ഭേദം തൊമ്മൻ" എന്നു പറഞ്ഞതു പോലെ മലങ്കരയിലെ നസ്രാണികളുടെ അന്ധ വിശ്വാസങ്ങളെ, അവയെല്ലാം അക്രൈസ്തവ മാണെന്നു ചൂണ്ടിക്കാട്ടാൻ, തുറന്നടിക്കാൻ പോർച്ചുഗീസുകാർ കാണിച്ച ആർജ്ജവത്തെ അഭിനന്ദിക്കാതിരിക്കാനാവില്ല. ''നെറ്റിക്കണ് തിറപ്പിനും കുറ്റം കുറ്റമേ" എന്നു പരമശിവനോടു നക്കീരൻ പറഞ്ഞതുപോലെ തെറ്റു ആരുടെ ഭാഗത്തായാലും അതു തെറ്റു തന്നെയാണെന്നു പറയാനുള്ള ആർജ്ജവം തുറന്നുകാട്ടാതിരി ക്കുന്നത് ഭീരുത്വമാണ്. ഉദയംപേരൂർ സുന്നഹ ദോസിന്റെ പേരിൽ റോമൻ കത്തോലിക്കരായ പോർച്ചുഗീസുകാരെ പുകഴ്ത്തുകയല്ല ഈ ലേഖനത്തിന്റെ ലക്ഷ്യം മറിച്ച് "അണ്ണാനായാലും മരപ്പട്ടിയായാലും തോട്ടം നശിപ്പിക്കുന്നു" എന്ന കാഴ്ചപ്പാടിൽ "മുന്തിരിത്തോട്ടം നശിപ്പിക്കുന്ന ചെറുകുറുക്കന്മാർ" അവർ ലത്തീൻ പാരമ്പര്യ മായാലും സുറിയാനി പാരമ്പര്യമായാലും ബൈബിൾ വിരുദ്ധമാണ്. പാരമ്പര്യം ഉപേക്ഷിച്ച് യേശുവിൽ വിശ്വസിച്ച് വിശ്വാസസ്നാനം സ്വീകരിച്ച് ക്രിസ്തുശിഷ്യനായി തീരുക. അതാണ്, അതുമാത്രമാണ് ശരിയെന്നു വ്യക്ത മാക്കുകയാണ് ലക്ഷ്യം. ഉദയംപേരൂർ സുന്നഹ ദോസിന്റെ ഏഴാം ദിവസത്തെ രണ്ടാം കൂടി ച്ചേരലിന്റെ രൂപരേഖ; (ഏകദേശരൂപം).

1. തമ്പുരാന്റെ തിരുമുമ്പിൽ നല്ലകാലം എന്നും മോശം കാലം എന്നില്ല. എളിയവനും പെരിയവനും എന്നില്ല. കീഴ് അംശമെന്നും മേൽ അംശമെന്നുമില്ല. അച്ഛനും ചെക്കനും എന്നുമില്ല.
2. കുളവും കിണറും കുമ്മാളർതൊട്ട് അശുദ്ധ മാക്കി എന്നു പറഞ്ഞ് ശുദ്ധി കർമ്മം നടത്തുന്നവരെ പള്ളിക്ക് പുറത്താക്കണം.
3. കണ്ണേറ്റ് നാവേറ്റ് എന്നു പറഞ്ഞ് തുള്ളിക്കലും പാടിക്കലും പാടില്ല.
4. യന്ത്രം എഴുതികെട്ടൽ (ഏലസ്) മനുഷ്യർക്കും മൃഗങ്ങൾക്കും പാടില്ല.
5. അമിതപലിശ പാടില്ല.
6. കുറ്റം തെളിയിക്കാൻ തിളച്ച എണ്ണയിൽ കൈമുക്കുന്നതു പാടില്ല.
7. ആണുങ്ങൾ കാതു കുത്തരുത്. കാതിൽ പൊന്നണിയരുത്.
8. ആണുങ്ങൾ മുടി വളർത്തരുത്. കുടുമ വെയ്ക്കരുത്.
9. പുലകുളി പാടില്ല.
10. പുളികുടി അടിയന്തിരം പാടില്ല.
11. തീണ്ടാരികുളി പാടില്ല.
12. പുടവ മുറിക്കുമ്പോൾ ഒരു നൂൽ വിലങ്ങനെ വരുന്നത് നല്ലത് എന്ന വിശ്വാസം പാടില്ല.
13. പിതാവിന്റെ ധനവും കടവും ആൺ മക്കൾക്കും, പെൺമക്കൾക്കും ഒരുപോലെ വീതം വീതിച്ചു നല്കണം.
14. ഒരു പുരുഷനു ഒരു സ്ത്രീ. ഒരു സ്ത്രീക്കു ഒരു പുരുഷൻ.
15. വിവാഹ പ്രായം പുരുഷനു 14 ഉം സ്ത്രീക്കു 12 ഉം തികഞ്ഞിരിക്കണം. മൂന്നുവിളിച്ചുചൊല്ല്; വിവാഹം പള്ളിയിൽ നടക്കണം. വിവാഹ രജിസ്റ്റർ സൂക്ഷിക്കണം.
16. രക്തബന്ധം ഉള്ളവർ തമ്മിൽ വിവാഹം പാടില്ല.

സത്യക്രിസ്ത്യാനികൾ എന്നു അഭി മാനിച്ചിരുന്ന നസ്രാണികൾ ഹിന്ദു മതത്തിന്റെ ആചാരാനുഷ്ഠാനങ്ങൾക്കനുസരണമായി ജീവിക്കുന്നതിനെതിരെ മുന്നറിയിപ്പ് നല്കി നവീകരിക്കാൻ ശ്രമിച്ചെങ്കിലും അതിനു നസ്രാണികൾ തയ്യാറല്ല എന്നു തെളിയിക്കുന്ന തായിരുന്നു കൂനൻകുരിശു സത്യം.

(തുടരും)

# QUEST 80

**(ഈ ലക്കം QUEST –80 ലെ ചോദ്യങ്ങൾ 2 കൊരിന്ത്യർ, ഗലാത്യർ എന്നീ പുസ്തകങ്ങളിൽ നിന്നാണ്)**

1. നിങ്ങൾ ........... ഇരിക്കുന്നുവോ എന്നു നിങ്ങളെത്തന്നേ പരീക്ഷിപ്പിൻ.
2. കൊരിന്ത്യസഭ ഭയത്തോടും വിറയലോടും കൈക്കൊണ്ടത് ആരെ?
3. പോരിന്റെ ആയുധങ്ങൾ എങ്ങനെയുള്ളവയാണ്?
4. "ബുദ്ധിയില്ലാത്ത" എന്ന് പൗലൊസ് ആരെക്കുറിച്ചാണ് പറഞ്ഞത്?
5. കഷ്ടത എന്ന കഠിനശോധനയിൽ ആയിരുന്നിട്ടും വളരെ ഔദാര്യം കാണിച്ച സഭ ഏത്?
6. ഹാഗർ എന്നത് എന്തിനെക്കുറിക്കുന്നു?
7. പൗലൊസ് യഹൂദന്മാരാൽ എത്ര അടികൊണ്ടു?
8. ഗലാത്യലേഖനത്തിൽ മടുത്തുപോകരുത് എന്നു പറഞ്ഞിരിക്കുന്ന ഒരു കാര്യം ഏത്?
9. എന്തുനിമിത്തമാണ് പൗലൊസ് ദൈവത്തിനു സ്തോത്രം പറഞ്ഞത്?
10. കൈപ്പണിയല്ലാത്ത നിത്യഭവനം എവിടെയുണ്ടെന്നാണ് പൗലൊസ് പറയുന്നത്?
11. നീതീകരണം ഉണ്ടാകുന്നത് എങ്ങനെ?
12. വെളിപ്പാടിന്റെ ആധിക്യത്താൽ നിഗളിച്ചുപോകാതെ ഇരിപ്പാൻ പൗലൊസിന്റെ ജഡത്തിന് എന്തു കൊടുത്തു?
13. പൗലൊസിന്റെ പ്രശംസ എന്താണ്?
14. നൊടിനേരത്തേക്കുള്ള ലഘുവായ കഷ്ടം എന്തു കിട്ടാൻ ഹേതുവാകുന്നു?
15. പൗലൊസിന്റെ ലേഖനം എങ്ങനെയുള്ളവയാണ്?
16. ഏതുകാര്യവും ഉറപ്പാക്കാൻ എത്ര സാക്ഷികൾ വേണം?
17. ന്യായപ്രമാണം മുഴുവനും ഏകവാക്യത്തിൽ അടങ്ങിയിരിക്കുന്നു. ഏതിൽ?
18. കേഫാവിന്റെകൂടെ പൗലൊസ് എത്ര ദിവസം പാർത്തു?
19. ആത്മാവിന്റെ ശുശ്രൂഷ എങ്ങനെയുള്ളതാണ്?
20. വിശ്വാസികൾ ഇണയല്ലാപ്പിണ കൂടരുതാത്തത് ആരോട്?

## പ്രത്യേക ശ്രദ്ധയ്ക്ക്

**ക്വെസ്റ്റ് 80**-ന്റെ ഉത്തരങ്ങൾ റഫറൻസു സഹിതം **2021 ഡിസംബർ 20** നു മുമ്പായി ഞങ്ങൾക്കു ലഭിക്കത്തക്കവിധം അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം :

**ക്രൈസ്തവ വനിത, ഗുഡ്ന്യൂസ്, ആക്കുളം റോഡ്, തിരുവനന്തപുരം - 695 011**

## QUEST– 79– ന്റെ ശരി ഉത്തരങ്ങൾ

1. എപ്പൈനത്തൊസ് (റോമർ 16:5)
2. വിശ്വസ്തൻ (1 കൊരി 4:17)
3. ബെന്യാമീൻ (റോമർ 11:1)
4. യെശയ്യാപ്രവാചകൻ (റോമർ 9:27)
5. കർത്താവിന് (1 കൊരി. 10:26)
6. യവനന്മാർക്കും, ബർബരന്മാർക്കും, ജ്ഞാനികൾക്കും, ബുദ്ധിഹീനർക്കും (റോമർ 1:14)
7. പുരുഷൻ ദൈവത്തിന്റെ പ്രതിമയും, തേജസ്സും ആകയാൽ (1 കൊരി. 11:7)
8. യിസ്ഹാക്കിൽ നിന്നും ജനിച്ചവൻ (റോമർ 9:7)
9. ജ്ഞാനികളെ ലജ്ജിപ്പിപ്പാൻ (1 കൊരി. 1:27)
10. ഏകമനുഷ്യനാൽ (റോമർ 5:12)
11. മനുഷ്യന്റെ ശരീരം (1 കൊരി. 6:19)
12. സ്തേഫാനോസിന്റെ (1 കൊരി. 16:15)
13. മാനസാന്തരത്തിലേക്ക് (റോമർ 2:4)
14. നിത്യജീവൻ (റോമർ 6:23)
15. സ്നാനം (റോമർ 6:3,4)
16. സുവിശേഷത്തിനു യാതൊരു വിഘ്നവും വരാതിരിപ്പാൻ വേണ്ടി (1 കൊരി. 9:12)
17. സ്നേഹം (1 കൊരി. 13:13)
18. ദൈവത്തോട് (1 കൊരി. 14:2)
19. ക്രിസ്തുവിന്റെ രക്തത്തിന്റെ (1 കൊരി . 10:16)
20. നീതിയും, സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവും (റോമർ 14:17)






## അനുമോദനങ്ങൾ

ഗുഡ്ന്യൂസ് മിനിസ്ട്രീസിൽ 30 വർഷത്തെ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച ശ്രീമതി ഷെറിൻ കിംഗ്സ്റ്റണിനെ തിരുവനന്തപുരം വില്ലാ മായ റെസ്റ്റോറന്റിൽ പ്രത്യേക ക്ഷണിതാക്കളുടെ സദസ്സിൽ വച്ച് ആദരിക്കയുണ്ടായി. തദവസരത്തിൽ ഗുഡ്ന്യൂസ് മിനിസ്ട്രീസിന്റെ സഹകാരികളിലൊരാളായ ഡോ. പ്രമോദ് സി. ജോൺ (U.S.A.) ഗുഡ്ന്യൂസ് മിനിസ്ട്രീസ് സ്ഥാപക ഡയറക്ടർ ഡോ. ചാൾസ് ജോണിന്റെ സാന്നിദ്ധ്യത്തിൽ പ്രശംസാപത്രം സമ്മാനിച്ചു.

നിസ്വാർത്ഥ സേവനത്തിനുള്ള അംഗീകാരം ലഭിച്ച ശ്രീമതി ഷെറിൻ കിംഗ്സ്റ്റണ് ഗുഡ്ന്യൂസ് കുടുംബത്തിന്റെ അകമഴിഞ്ഞ അഭിനന്ദനങ്ങൾ.

# ‘വിശ്വാസത്തിന്റെ ബലിപീഠത്തിൽ’




സഹോദരി മേരി അഞ്ചൻ രചിച്ച ഈ ഗ്രന്ഥം വിശ്വാസ സമൂഹം, സഭയുടെ ആദ്യകാലം മുതൽ നേരിട്ട പീഡനങ്ങളുടെ ഒരു വിവരണമാണ്. 51 ചെറിയ അദ്ധ്യായങ്ങളിലായി സഭാ ചരിത്രത്തിൽ വിശ്വാസികൾ നേരിടേണ്ടി വന്ന പീഡനങ്ങളും അവർ അതിനെ നേരിട്ട വിധവും പ്രതിപാദിക്കുന്നു.

1974 ലും 1978 ലും അതിനു ശേഷം ഈ വർഷവും പുനഃപ്രസിദ്ധീകരിച്ച പ്രസ്തുത ഗ്രന്ഥത്തിലെ വിവരണങ്ങൾ ഇക്കാലത്തു ജീവിക്കുന്ന വിശ്വാസസമൂഹത്തിന് ഒരു വെല്ലുവിളിയും അതോടൊപ്പം യാഥാർത്ഥ്യങ്ങളെ നേരിടാനുള്ള ധൈര്യവും പകരുന്നു.

**ഈ പുസ്തകം ആവശ്യമുള്ളവർ താഴെക്കാണുന്ന ഏതെങ്കിലും വിലാസത്തിൽ ബന്ധപ്പെടുക.**

**പുസ്തകത്തിന്റെ വില ഒരു കോപ്പി Rs. 150/-**

The Director
Good News Ministries
Akkulam Road,
Trivandrum - 695 011
Tel: 9087144349

The Manager
Evangelical Literature Service
Kesavadasapuram
Trivandrum


Published by George John, Good News, Akkulam Road, Trivandrum 695 011
Printed at Grace Printers, Muttada. Mob: 9447059891